I ഇ.ബി. XIV - കേരള നിയമസഭ /V-21

# പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2017 മേയ് 25, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## I തിരുത്തിയ ഉത്തരം

നക്ഷത്രചിഹ്നമിട്ട 395-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

പതിനാലാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിൽ 15-5-2017-ന് നൽകിയ നക്ഷത്രചിഹ്നമിട്ട 395-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റ് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി

മേശപ്പുറത്തുവച്ചു.

## II ചരമോപചാരം

പള്ളിപ്രം ബാലൻ, അനിൽ മാധവ് ദവേ എന്നിവരുടെ നിര്യാണം

മുൻ നിയമസഭാ സാമാജികനായ പള്ളിപ്രം ബാലൻ, കേന്ദ്ര വനം പരിസ്ഥിതി സഹമന്ത്രി അനിൽ മാധവ് ദവേ എന്നിവരുടെ നിര്യാണം സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ റഫറൻസ് നടത്തുകയും പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അൽപ്പസമയം എഴുന്നേറ്റുനിന്ന് മൗനമാചരിക്കുകയും ചെയ്തു.

## III അടിയന്തരപ്രമേയം

കേന്ദ്ര പദ്ധതി വിഹിതം

മി. സ്പീക്കർ: കുട്ടനാട് പാക്കേജ്, പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമപദ്ധതികൾ, പി.എം.ജി.എസ്.വൈ., എം.ജി.എൻ.ആർ.ഇ.ജി.എസ്. തുടങ്ങിയ കേന്ദ്ര പദ്ധതികൾക്ക് കേരളത്തിന് ലഭിക്കേണ്ട 2000 കോടിയിലേറെ വിഹിതം ആവശ്യമായ രേഖകൾ സംസ്ഥാന ഗവൺമെന്റ് യഥാസമയം സമർപ്പിക്കാത്തതും തുടർനടപടികൾ സ്വീകരിക്കാത്തതും പല പദ്ധതികൾക്കുമുള്ള കേന്ദ്രവിഹിതം ലാപ്സായതും കൂടുതൽ സംഖ്യ നഷ്ടപ്പെടാൻ ഇടയുള്ളതുമായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കെ. മുരളീധരൻ, കെ. എം. ഷാജി, അനൂപ്

ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കേന്ദ്ര സർക്കാർ സംസ്ഥാന പദ്ധതികൾക്കുള്ള സഹായവും ഒറ്റത്തവണ സഹായവും നിർത്തലാക്കിക്കൊണ്ടും മറ്റ് ധനസഹായങ്ങളിൽ ആനുപാതികമായ കുറവ് വരുത്തിക്കൊണ്ടും കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഘടനയിൽ മാറ്റം വരുത്തിക്കൊണ്ടും ചില പദ്ധതികൾ മറ്റ് പദ്ധതികളുമായി ലയിപ്പിക്കുകയും ചിലത് ഒഴിവാക്കുകയും ചെയ്യുകയുണ്ടായി. പ്ലാൻ സ്പെയ്സ് എന്ന വെബ് അധിഷ്ഠിത സോഫ്റ്റ് വെയറിലെ വിവരമനുസരിച്ച് 2015-16-ൽ 7720 കോടി രൂപ വകയിരുത്തിയതിൽ 3739 കോടി രൂപ ചെലവാക്കുകയുണ്ടായി. 2014-15-ൽ കേന്ദ്ര പദ്ധതികളിൽ മാറ്റം വരുത്തുന്നതിനു മുൻപ് കേന്ദ്ര വിഹിതം 2762 കോടി രൂപയും വിനിയോഗം 1565 കോടി രൂപയുമായിരുന്നു. 2013-14-ൽ 2669 കോടി രൂപയും വിനിയോഗം 1714 കോടി രൂപയുമായിരുന്നു. 2016-17-ൽ 6534 കോടി രൂപ പദ്ധതി വിഹിതമായി ലഭിക്കുമെന്ന് കണക്കാക്കി ബഡ്ജറ്റ് വിഹിതം വയ്ക്കുകയും 6806 കോടി രൂപ ഇതിനകം വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര സർക്കാർ വിഹിതം പരമാവധി ലഭ്യമാക്കാനും വിനിയോഗിക്കാനും സർക്കാർ കാര്യക്ഷമമായി പ്രവർത്തിച്ചിട്ടുള്ളതിനാൽ ആരോപണങ്ങൾ വസ്തുതാവിരുദ്ധവും അടിസ്ഥാന രഹിതവുമാണ്. ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ കഴിഞ്ഞ വർഷം 2426 കോടി

രൂപ വകയിരുത്തിയെങ്കിലും 1582 കോടി രൂപ മാത്രമാണ് സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ളത്. ഈ പ്രവൃത്തികൾക്ക് ആവശ്യമായ രേഖകളോ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റോ സമർപ്പിക്കേണ്ടവയല്ല. പൂർണ്ണമായും വെബ് അധിഷ്ഠിത തൽസമയ സംവിധാനത്തിലൂടെ വിവരങ്ങൾ സമർപ്പിക്കേണ്ട പദ്ധതിയായിട്ടും സംസ്ഥാനത്തിന് അർഹതപ്പെട്ട തുക അനുവദിക്കാത്തത് വളരെ ഗൗരവമുള്ള വിഷയമായതിനാൽ ആയത് പ്രധാനമന്ത്രിയുടെയും വകുപ്പുമന്ത്രിയുടെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. കുട്ടനാട് പാക്കേജിന്റ കാലാവധി 2012 ജൂലൈയിൽ അവസാനിച്ചെങ്കിലും ചില പദ്ധതികൾ പൂർത്തീകരിക്കുന്നതിനായി കേന്ദ്ര സർക്കാർ 2016 ഡിസംബർ വരെ കാലാവധി നീട്ടി നൽകിയിരുന്നു. പാക്കേജിന്റെ ഭാഗമായുള്ള 90 കോടി രൂപയുടെ പദ്ധതികൾ അനുവദിക്കുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തി വരുന്നുണ്ട്. പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം കഴിഞ്ഞ വർഷം ലഭിക്കേണ്ട കേന്ദ്ര വിഹിതമായ 180 കോടി രൂപയിൽ 175.09 കോടി രൂപ ലഭിച്ചിട്ടുണ്ട്. മുൻ വർഷങ്ങളിൽ സംസ്ഥാനത്തിന്റെ പദ്ധതി പ്രവർത്തനം കുറവായതുകൊണ്ടും അവയുടെ റിപ്പോർട്ട് യഥാസമയം സമർപ്പിക്കാതിരുന്നതിനാലുമാണ് മറ്റ് സംസ്ഥാനങ്ങൾക്ക് ലഭിച്ച ഇൻസെന്റീവ് കേരളത്തിന് ലഭിക്കാത്തത്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേന്ദ്ര പദ്ധതികൾ നടപ്പാക്കുന്നത് സംബന്ധിച്ച് ചീഫ് സെക്രട്ടറി, മറ്റ് ഉദ്യോഗസ്ഥർ,

മുഖ്യമന്ത്രി, മന്ത്രിമാർ എന്നിവരുടെ നേതൃത്വത്തിൽ അവലോകന യോഗങ്ങൾ നടത്തുകയും നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര-സംസ്ഥാന പദ്ധതി വിഹിതങ്ങൾ നിശ്ചിത ശതമാനം വിനിയോഗിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും കേന്ദ്ര സർക്കാരിൽ സമർപ്പിക്കേണ്ട വിനിയോഗ സർട്ടിഫിക്കറ്റ് യഥാസമയം കമ്പ്യൂട്ടറധിഷ്ഠിതമായി നൽകുന്നതിനുമുള്ള സംവിധാനം ധനകാര്യ വകുപ്പിന് കീഴിൽ ജില്ലാ-ബ്ലോക്ക്-താലൂക്ക് തലങ്ങളിൽ നടപ്പാക്കും.

ശ്രീ. കെ. മുരളീധരൻ: ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിലാളികൾക്ക് കഴിഞ്ഞ 6 മാസമായി വേതനം ലഭ്യമായിട്ടില്ല. അയൽ സംസ്ഥാനങ്ങളിൽ മുഴുവൻ ഫണ്ടും ലഭ്യമായപ്പോൾ എന്തുകൊണ്ടാണ് നമ്മുടെ സംസ്ഥാനത്തിന് ലഭിക്കാത്തത് എന്ന് വ്യക്തമാക്കണം. പദ്ധതി നിർവ്വഹണത്തിന്റെ ചുമതലയുള്ള മിഷൻ ഡയറക്ടർ സ്ഥാനം ഒഴിഞ്ഞ് കിടക്കുകയാണ്. പദ്ധതികൾ വിലയിരുത്തുന്നതിനുള്ള പാർലമെന്ററികാര്യ സമിതിയുടെ തെളിവെടുപ്പ് വേളയിൽ ആരാണ് കാര്യങ്ങൾ അവതരിപ്പിച്ചതെന്നും അവരുടെ പ്രതികരണങ്ങൾ എന്തായിരുന്നെന്നും സർക്കാർ വ്യക്തമാക്കണം. നാഷണൽ പ്രോജക്ട് ഓൺ ബയോഗ്യാസ് ഡെവലപ്മെന്റ് പദ്ധതി പ്രകാരമുള്ള ഫണ്ടും വിനിയോഗിക്കാൻ സാധിച്ചിട്ടില്ല. കഴിഞ്ഞ സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ 46 പദ്ധതികൾക്ക് ധനസഹായം അനുവദിച്ചെങ്കിലും ഒരു രൂപപോലും

ചെലവഴിക്കാൻ സംസ്ഥാന സർക്കാരിന് സാധിച്ചിട്ടില്ല. പദ്ധതികൾ നേടിയെടുക്കുന്ന കാര്യത്തിലും അനുവദിക്കുന്നവ നടപ്പാക്കുന്ന കാര്യത്തിലും ഉദ്യോഗസ്ഥർ തമ്മിൽ തർക്കം നിലനിൽക്കുകയാണ്. ആർ.കെ.വി.വൈ., പി.എം.കെ.എസ്.വൈ. തുടങ്ങിയ പദ്ധതികളിൽനിന്നും ഫണ്ട് നേടിയെടുക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചിട്ടില്ല. തോട്ടവിളകളുടെ പുനരുദ്ധാരണത്തിനായി കേന്ദ്രം അനുവദിച്ച 80 കോടി രൂപ ഫലപ്രദമായി വിനിയോഗിക്കുന്നതിനോ തെങ്ങുകളുടെ റീപ്ലാന്റിംഗിനായുള്ള പ്രൊപ്പോസൽ സമർപ്പിക്കുന്നതിനോ കാലാവസ്ഥാ വ്യതിയാനം തടയുന്നതിനുള്ള അന്താരാഷ്ട്ര ഫണ്ടായ ഇ.സി.എഫ്. നേടിയെടുക്കുന്നതിനോ സാധിച്ചിട്ടില്ല. ഇറിഗേഷൻ പ്ലാനുണ്ടാക്കാൻ കേന്ദ്രം 10 ലക്ഷം രൂപ അനുവദിച്ചെങ്കിലും സംസ്ഥാന സർക്കാർ യാതൊരു നടപടിയും സ്വീകരിച്ചില്ല. കേന്ദ്രത്തിൽ നിന്നും കേരളത്തിന് ലഭിക്കേണ്ട 2000 കോടി രൂപ നേടിയെടുത്തിട്ടില്ല. പദ്ധതി വിഹിതത്തിന്റെ 58% മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. 2016-17 സാമ്പത്തിക വർഷത്തെ അടങ്കൽ പദ്ധതികൾക്കായി അനുവദിച്ച തുകയിൽ 11,298 കോടി രൂപയും സംസ്ഥാന പദ്ധതികൾക്കായി അനുവദിച്ച തുകയിൽ 7,770 കോടി രൂപയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി നീക്കിവച്ച 2,640 കോടി രൂപയും ചെലവഴിച്ചിട്ടില്ല. ഇത്തരം കാര്യങ്ങളെ വളരെ ലാഘവത്തോടെയാണ് സംസ്ഥാന സർക്കാർ വീക്ഷിക്കുന്നത്.

ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : കേന്ദ്ര വിഹിതം ലഭ്യമാകുമെന്ന ധാരണയിൽ കഴിഞ്ഞ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 6,534 കോടി രൂപയാണ് സർക്കാർ നീക്കിവച്ചത്. പദ്ധതി വിഹിതം ചെലവഴിക്കുന്നതിൽ സർക്കാർ യാതൊരു വീഴ്ചയും വരുത്തിയിട്ടില്ല. തൊഴിലുറപ്പ് പദ്ധതിയുടെ ഫണ്ട് കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്നതിന് കാലതാമസം നേരിടുന്നതിനാൽ കൃത്യമായി കൂലി നൽകുന്നതിനുള്ള ക്രമീകരണം സർക്കാർ ഏർപ്പെടുത്തുന്നതാണ്. മൂന്നാറിലെത്തിയ പാർലമെന്ററി സ്റ്റാന്റിംഗ് കമ്മിറ്റി മുമ്പാകെ ഈ വിഷയം ഉന്നയിച്ചപ്പോൾ കുടിശ്ശിക തുക നൽകുന്നതിനാവശ്യമായ നിർദ്ദേശം മന്ത്രാലയത്തിന് നൽകാമെന്ന് ഉറപ്പുനൽകിയെങ്കിലും ഇതുവരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. തുക ചെലവഴിക്കുന്നതിൽ പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിന് വീഴ്ചയുണ്ടായി എന്ന് പറയുന്നത് ശരിയല്ല. 2016-17 സാമ്പത്തിക വർഷത്തിൽ ചെലവഴിച്ച തുകയ്ക്കുള്ള യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകിയെങ്കിലും കേന്ദ്ര സർക്കാർ തുക റീലിസ് ചെയ്യാൻ തയ്യാറാകുന്നില്ല. പട്ടികജാതി വിഭാഗങ്ങളുടെ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയിൽ കേന്ദ്ര സർക്കാർ വാർഷിക വരുമാനപരിധി നിശ്ചയിച്ചിട്ടുണ്ടെങ്കിലും സംസ്ഥാന സർക്കാർ നടപ്പാക്കുന്ന പദ്ധതിയിൽ വരുമാനപരിധി നിശ്ചയിക്കാത്തത്

കേന്ദ്രസഹായം നൽകാതിരിക്കുന്നതിന് തടസ്സമായി ചൂണ്ടിക്കാണിക്കുന്നുണ്ട്. ഒ.ബി.സി. പോസ്റ്റ്മെട്രിക്, പ്രീമെട്രിക് സ്കോളർഷിപ്പുകൾക്കായി കേന്ദ്ര സഹായപദ്ധതിയിൽ തുക വകയിരുത്തുകയും സംസ്ഥാന സർക്കാർ ചെലവഴിക്കുകയും ചെയ്തെങ്കിലും വർഷംതോറും കുറഞ്ഞ തുകയാണ് കേന്ദ്ര സർക്കാർ റീഇംപേഴ്സ് ചെയ്യുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള സഹായം വാങ്ങിയെടുക്കുന്നതിൽ കൂടുതൽ വീഴ്ച സംഭവിച്ചിരിക്കുന്നത് മുൻ സർക്കാരിന്റെ കാലത്താണ്. ഉദാരവൽക്കരണ നയങ്ങളുടെ ഭാഗമായുള്ള പദ്ധതികൾ സംസ്ഥാന സർക്കാരുകളുടെ മേൽ അടിച്ചേൽപ്പിക്കുകയും അതിന്റെ പ്രവർത്തനപുരോഗതി വിലയിരുത്തിമാത്രം തുക അനുവദിക്കുകയും ചെയ്യുന്ന നിലപാട് കേന്ദ്ര സർക്കാർ തിരുത്തണം. ആരോഗ്യം, വിദ്യാഭ്യാസം, കുടുംബക്ഷേമം തുടങ്ങി സംസ്ഥാനം പുരോഗതി പ്രാപിച്ചിട്ടുള്ള മേഖലകളിൽ കേന്ദ്ര സഹായം നിഷേധിക്കുന്നതിനു പകരം പിന്നോക്കം നിൽക്കുന്ന മേഖലകളിലേയ്ക്ക് തുക വകമാറ്റി ചെലവഴിക്കുന്നതിന് അനുവാദം നൽകുന്നതിനും സംസ്ഥാന സർക്കാരുമായി ആലോചിച്ച് പദ്ധതികൾ തയ്യാറാക്കുന്നതിനും കേന്ദ്ര സർക്കാർ തയ്യാറാകണം. കേന്ദ്രാവിഷ്കൃത പദ്ധതികൾ നല്ല നിലയിൽ നടപ്പാക്കാനും പരമാവധി കേന്ദ്ര സഹായം വാങ്ങിയെടുക്കുന്നതിനുമുള്ള നടപടികളാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നത്. സർക്കാർ പദ്ധതികളും കേന്ദ്രാവിഷ്കൃത പദ്ധതികളും കൃത്യമായി

നടപ്പാക്കുന്നതിന് മോണിറ്ററിംഗ് സംവിധാനമേർപ്പെടുത്തി മുന്നോട്ടുപോകുന്നതാണ്. ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): അനുവദിക്കപ്പെട്ട കേന്ദ്ര വിഹിതം ഫലപ്രദമായി വിനിയോഗിക്കുന്നതിൽ സർക്കാരിന് വീഴ്ച സംഭവിച്ചു എന്നാണ് നിയമസഭയിൽ നൽകിയ ഉത്തരത്തിൽ നിന്ന് മനസ്സിലാകുന്നത്. പതിനാലാം ധനകാര്യ കമ്മീഷന്റെ ശിപാർശപ്രകാരം പത്ത് ശതമാനം കേന്ദ്ര വിഹിതം വർദ്ധിപ്പിച്ചുവെങ്കിലും കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള തുക വെട്ടിക്കുറയ്ക്കുന്ന നിലപാടാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. പദ്ധതികൾക്കുള്ള മാനദണ്ഡങ്ങൾ സംസ്ഥാന സർക്കാരുകളുമായി ആലോചിച്ച് നിശ്ചയിക്കണമെന്ന ആവശ്യം നടപ്പാക്കാൻ കേന്ദ്ര സർക്കാർ തയ്യാറാകുന്നില്ല. ഓരോ വകുപ്പുകൾക്കും അനുയോജ്യമായി പ്രോജക്ടുകൾ തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതിനും പരമാവധി സഹായം സംസ്ഥാനത്തിന് ലഭ്യമാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം. കേന്ദ്രാവിഷ്കൃത പദ്ധതികളിൽ സംസ്ഥാനത്തിന് കിട്ടേണ്ട വിഹിതം പ്രോപ്പർ മോണിറ്ററിംഗ് നടക്കാത്തതുകൊണ്ട് ലഭിക്കുന്നില്ല. കേന്ദ്ര ഗവൺമെന്റിന്റെ വിവിധ ഡിപ്പാർട്ടുമെന്റുകൾ മോണിറ്റർ ചെയ്യേണ്ടത് സെക്രട്ടറിമാരാണ്. ഡൽഹിയിലുള്ള എം.പി.-മാർക്ക് ഈ കാര്യങ്ങൾ ശക്തമായി പാർലമെന്റിൽ ഉന്നയിക്കുന്നതിന്

ആവശ്യമായ നിർദ്ദേശങ്ങൾ നൽകണം. കൃത്യസമയത്ത് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റുകൾ കൊടുക്കാനുള്ള നടപടി സ്വീകരിക്കണം. കേരളാ ഹൗസ് കേന്ദ്രീകരിച്ചുകൊണ്ട് ഒരു മോണിറ്ററിംഗ് സെൽ രൂപീകരിക്കുകയും പദ്ധതി പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കുകയും വേണം. സംസ്ഥാനത്തെ വിവിധ വകുപ്പുകളുടെ ഏകോപനമില്ലായ്മയും മാച്ചിംഗ് ഗ്രാന്റ് കൊടുക്കാത്തതും കാരണം അനുവദിച്ചു കിട്ടിയ പദ്ധതികളൊന്നും നടപ്പാക്കാൻ സാധിക്കുന്നില്ല. ഈ പോരായ്മകളെല്ലാം പരിഹരിച്ചുകൊണ്ട് സമയബന്ധിതമായി കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പാക്കാനുള്ള നടപടിയാണ് കൈക്കൊള്ളേണ്ടത്. ഓരോ പദ്ധതിക്കും കേന്ദ്ര സർക്കാർ മാർഗ്ഗരേഖ തയ്യാറാക്കാറുണ്ട്. ഇതിലുള്ള മാനദണ്ഡങ്ങൾ സംസ്ഥാനത്തിന് യോജിച്ചതല്ലെങ്കിൽ കേന്ദ്ര ഗവൺമെന്റിനെ ബോധ്യപ്പെടുത്തി ഭേദഗതി വരുത്തി നടപ്പാക്കാനുള്ള തീരുമാനമാണ് മന്ത്രിമാരും സെക്രട്ടറിമാരും കൈക്കൊള്ളേണ്ടത്. പദ്ധതി പ്രവർത്തനങ്ങളുടെ പ്രോഗ്രസ് കേന്ദ്രത്തെ അറിയിക്കാനുള്ള യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റുകൾ സമയ ബന്ധിതമായി പല ഡിപ്പാർട്ട്മെന്റുകളും കൊടുക്കാറില്ല. സംസ്ഥാനത്തെ പദ്ധതി നടത്തിപ്പിന്റെ ഏകോപനമില്ലായ്മ പലപ്പോഴും വികസന പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നു. തൊഴിലുറപ്പ് തൊഴിലാളികൾക്ക് പഞ്ചായത്തുകളിലെ പണം ഉപയോഗിച്ച് വേതനം കൊടുക്കാനുള്ള നടപടി സ്വീകരിക്കണം. ജനങ്ങൾക്ക്

ഭരണഘടനാപരമായി ലഭിക്കേണ്ട ആനുകൂല്യങ്ങൾ കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കണം.

## IV ശ്രദ്ധക്ഷണിക്കൽ

### (1) നഞ്ചൻഗോട്-നിലമ്പൂർ റെയിൽപ്പാത

ശ്രീ. സി. കെ. ശശീന്ദ്രൻ: നിലമ്പൂർ-നഞ്ചൻഗോട് റെയിൽപ്പാത കടന്നു പോകുന്നത് വനത്തിൽ കൂടിയായതുകൊണ്ട് കേന്ദ്ര പരിസ്ഥിതി മന്ത്രാലയം അഡീഷണൽ ചീഫ് സെക്രട്ടറി തലത്തിൽ നടന്ന ചർച്ചയിൽ ചില തടസ്സങ്ങൾ ഉന്നയിച്ചിരുന്നു. വയനാട്ടിലെ ജനങ്ങൾക്കിടയിൽ ഉണ്ടായിട്ടുള്ള വിഭിന്ന അഭിപ്രായം കർണ്ണാടക ഗവൺമെന്റിൽ നിന്നും അനുവാദം കിട്ടാൻ തടസ്സമാകുന്നു. കന്യാകുമാരിയെ കാശ്മീരുമായി ബന്ധിപ്പിക്കുന്ന കുറഞ്ഞ ദൂരമുള്ള ഈ റെയിൽപ്പാത അത്യന്താപേക്ഷിതമാണ്. കേരള സർക്കാർ കർണ്ണാടക സർക്കാരുമായി ചർച്ച ചെയ്ത് റെയിൽപ്പാത ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. 766 ദേശീയ പാതയിലും മാനന്തവാടി മൈസൂർ പാതയിലും രാത്രി യാത്ര നിരോധിച്ചതും കൂടി ചർച്ചചെയ്യാനുള്ള അവസരമുണ്ടാക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): നിലമ്പൂർ-നഞ്ചൻഗോട് റെയിൽപ്പാത കേരളത്തിലെ സംരക്ഷിത

വനമേഖലയിലൂടെയും കർണ്ണാടകയിലെ സംരക്ഷിത വന പ്രദേശമായ ബന്ദിപ്പൂർ ദേശീയോദ്യാനത്തിലൂടെയും കടുവാ സങ്കേതത്തിലൂടെയുമാണ് കടന്നുപോകുന്നത്. കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അസാധാരണ ഗസറ്റ് പ്രകാരം ബന്ദിപ്പൂർ ദേശീയോദ്യാനത്തിലൂടെയുള്ള റെയിൽവേ ലൈനുകൾ, ഭൂഗർഭ പൈപ്പ്-ലൈനുകൾ, റോപ്പ്‌വേകൾ എന്നിവയുടെ നിർമ്മാണം നിരോധിച്ചിരിക്കുകയാണ്. കർണ്ണാടകയിലൂടെ കടന്നുപോകുന്ന നിർദ്ദിഷ്ട റെയിൽപ്പാതയുടെ പദ്ധതിച്ചെലവ് വഹിക്കാൻ കർണ്ണാടക ഗവൺമെന്റ് തയ്യാറല്ല. കർണ്ണാടക വനം-പരിസ്ഥിതി മന്ത്രാലയവുമായും അടിസ്ഥാന സൗകര്യ വികസന വകുപ്പിന്റെ അഡീഷണൽ ചീഫ് സെക്രട്ടറിയുമായും നടത്തിയ ചർച്ചയിൽ പരിസ്ഥിതിലോല പ്രദേശങ്ങൾ, വന്യജീവി സംരക്ഷണകേന്ദ്രങ്ങൾ, ദേശീയോദ്യാനങ്ങൾ എന്നിവ ഒഴിവാക്കി പുതിയ അലൈൻമെന്റ് തയ്യാറാക്കുന്നത് പരിശോധിക്കാമെന്ന ധാരണയിലെത്തിയിട്ടുണ്ട്. ചീഫ് സെക്രട്ടറിതലത്തിൽ വീണ്ടും ചർച്ചകൾ നടത്തുന്നതാണ്. അന്തിമ ക്ലിയറൻസ് ലഭിക്കാത്തതിനാൽ സംസ്ഥാന ഗവൺമെന്റ് തുക റിലീസ് ചെയ്തിട്ടില്ല. നിലമ്പൂർ-നഞ്ചൻഗോട് റെയിൽപ്പാത നിർമ്മാണം കേരള ഗവൺമെന്റ് നിർത്തിവച്ചിട്ടില്ല. ഗവൺമെന്റിന്റെ പരിമിതികളുള്ളിൽനിന്നുകൊണ്ട് നടപടി സ്വീകരിക്കുന്നതാണ്. പരസ്പരബന്ധിതമായ റെയിൽവേ വികസനത്തിനായി കേന്ദ്ര-സംസ്ഥാന പങ്കാളിത്തത്തോടെ രൂപീകരിച്ചിട്ടുള്ള കമ്പനിയുടെ

മെമ്മോറാണ്ടത്തിൽ പ്രസ്തുത റെയിൽപ്പാതയുടെ നിർമ്മാണം ഉൾപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ അനുവാദവും കർണ്ണാടക ഗവൺമെന്റിന്റെ പൂർണ്ണ സഹകരണവും ലഭിച്ചാൽ മാത്രമേ പ്രസ്തുത റെയിൽപ്പാതയുടെ കാര്യത്തിൽ കേരളത്തിന് നടപടി സ്വീകരിക്കാൻ കഴിയൂ. അങ്കമാലി-ശബരി റെയിൽപ്പാതയുമായി ബന്ധപ്പെട്ട പ്രവൃത്തി തടസ്സപ്പെടുത്തുന്നതായുള്ള വാർത്തകൾ വസ്തുതാവിരുദ്ധമാണ്.

(2) ഫാദർ ടോം ഉഴുന്നാലിലിന്റെ മോചനം

ശ്രീ. കെ. എം. മാണി: ഐ.എസ്. ഭീകരർ തട്ടിക്കൊണ്ടുപോയ ഫാദർ ടോം ഉഴുന്നാലിലിനെ മോചിപ്പിക്കുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തണം. വൈദികനെ മോചിപ്പിക്കുന്നതിന് കേന്ദ്ര വിദേശകാര്യ വകുപ്പ് പ്രാധാന്യം നൽകുന്നില്ലെന്നുമാത്രമല്ല ഭീകരരുടെ ഡിമാന്റ്സിനെക്കുറിച്ച് അറിയാനോ അവരുമായി ചർച്ച നടത്താനോ തയ്യാറാകുന്നുമില്ല. സംസ്ഥാന ഗവൺമെന്റ് ഈ വിഷയം ഗൗരവമായിക്കണ്ട് യമനിൽ നയതന്ത്ര കാര്യാലയമില്ലെങ്കിൽ യു.എൻ. പോലുള്ള അന്താരാഷ്ട്ര സംഘടനകൾ വഴി അദ്ദേഹത്തിന്റെ മോചനം സാദ്ധ്യമാക്കണം. പ്രധാനമന്ത്രിയേയോ വിദേശകാര്യ വകുപ്പുമന്ത്രിയേയോ നേരിൽക്കണ്ട് ഫാദറിന്റെ മോചനം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കണം..

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): മിഷ്നറീസ് ഓഫ് ചാരിറ്റിയുടെ

നേതൃത്വത്തിൽ ആതുര രംഗത്ത് സേവനമനുഷ്ഠിച്ചുവന്ന ഫാദർ ടോം ഉഴുന്നാലിലിനെ യമനിലെ ഏദൻ തുറമുഖത്തുനിന്നും ഭീകരർ തട്ടിക്കൊണ്ടുപോയ വിവരം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും വൈദികനെ മോചിപ്പിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്നാവശ്യപ്പെടുകയും ചെയ്തു. വിദേശ രാജ്യങ്ങളിൽ നടക്കുന്ന ഇത്തരം കാര്യങ്ങളിൽ സംസ്ഥാന ഗവൺമെന്റിന് നേരിട്ടിടപെടാൻ സാധിക്കില്ല. കേന്ദ്ര വിദേശകാര്യവകുപ്പും പ്രസ്തുത രാജ്യത്തെ എംബസിയും മുഖേനയാണ് മോചനത്തിനായുള്ള പ്രവർത്തനം നടത്തുന്നത്. വൈദികൻ ഭീകരരുടെ തടവിലാണെന്ന് കേന്ദ്ര ഗവൺമെന്റ് സ്ഥിരീകരിച്ചിട്ടുണ്ടെങ്കിലും ഒളിവിൽ പാർപ്പിച്ചിരിക്കുന്ന സ്ഥലം കണ്ടെത്താനായിട്ടില്ല. ആഭ്യന്തര കലാപം മൂർച്ഛിച്ചിരിക്കുന്ന യമനിൽ ഇന്ത്യൻ നയതന്ത്ര കാര്യാലയം മുഖേന സജീവമായി ഇടപെടുന്നതിന് സംസ്ഥാന ഗവൺമെന്റിന് ഒട്ടേറെ പരിമിതികളുണ്ട്. സംസ്ഥാന സർക്കാരിന് ലഭിച്ച നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ ഫാദർ ഉഴുന്നാലിലിനെ മോചിപ്പിക്കാനാവശ്യമായ ഇടപെടൽ നടത്തണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിച്ചുവെങ്കിലും മറുപടി ലഭിച്ചില്ല. പനങ്ങാട് ഭാരതറാണി ഇടവകാംഗങ്ങൾ നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ഫാദറിന്റെ മോചനം സംബന്ധിച്ച പുരോഗതി വിലയിരുത്തുന്നതിനായി കേന്ദ്ര സർക്കാരുമായി

കത്തിടപാടുകൾ നടത്തുകയും മോചന നടപടികൾ ത്വരിതപ്പെടുത്തണമെന്ന് യമനിലെ ഇന്ത്യൻ നയതന്ത്ര കാര്യാലയത്തോട് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. മോചനമുറപ്പാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണമെന്നാവശ്യപ്പെട്ട് പ്രധാനമന്ത്രിക്ക് നേരിട്ട് കത്തയച്ചിട്ടുണ്ട്. പ്രധാനമന്ത്രിയെ നേരിൽക്കണ്ട് ഇക്കാര്യം ചർച്ച ചെയ്യുന്നതാണ്. ഫാദറിന്റെ മോചനം ഉറപ്പാക്കുന്നതിന് സംസ്ഥാന സർക്കാർ കൂടുതൽ ശ്രമങ്ങൾ നടത്തുന്നതാണ്.

## V സബ്മിഷൻ

### (1) ഗൾഫ് രാജ്യങ്ങളിലേയ്ക്കുള്ള നിയമവിരുദ്ധ റിക്രൂട്ട്

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: ഗൾഫ് രാജ്യങ്ങളിലേയ്ക്ക് നിയമവിരുദ്ധമായി സ്ത്രീകളെ കൊണ്ടുപോകുന്ന ഏജന്റുമാർക്കെതിരെ വിദേശകാര്യ മന്ത്രാലയം മുഖേന നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): വിദേശരാജ്യങ്ങളിൽ ജോലിക്കെത്തുന്നവർക്ക് കരാർ പ്രകാരമുള്ള തൊഴിലും ശമ്പളവും നൽകാതെ ചൂഷണം ചെയ്യുന്ന സംഭവങ്ങൾ കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇതുസംബന്ധിച്ച് പത്ര-ദൃശ്യ മാധ്യമങ്ങളിലൂടെയും മറ്റും നോർക്ക മുഖാന്തിരം ബോധവത്കരണം നടത്തിവരികയും വിദേശ രാജ്യങ്ങളിലേയ്ക്ക് റിക്രൂട്ട്മെന്റ് നടത്തുന്ന ഏജൻസികളുടെ ആധികാരികത കർശനമായി പരിശോധിക്കുകയും

ഏജൻസികൾ നിയമാനുസൃതമായ വ്യവസ്ഥകൾ പാലിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. അനധികൃത റിക്രൂട്ട്മെന്റ് ഏജൻസികൾക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിക്കുന്നതാണ്. വിദേശ രാജ്യങ്ങളിൽ എംബസി മുഖേന ജോലിയിൽ പ്രവേശിക്കുന്ന സംവിധാനം നിലവിൽ വന്നാൽ ഈ പ്രശ്നത്തിന് ശാശ്വത പരിഹാരം കാണാൻ കഴിയും.

(2) കോതമംഗലം മുൻസിഫ് കോടതി

ശ്രീ. ആന്റണി ജോൺ: കോതമംഗലം താലൂക്കിൽ മുൻസിഫ് കോടതി അനുവദിക്കുന്നതിനോ നിലവിലുള്ള രണ്ട് മജിസ്ട്രേട്ട് കോടതികളിൽ ഒരെണ്ണം മുൻസിഫ് മജിസ്ട്രേട്ട് കോടതിയാക്കുന്നതിനോ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): വിവിധ ശ്രേണിയിലുള്ള 68 കോടതികൾ തുടങ്ങാനായി സർക്കാർ മുൻഗണനാ ലിസ്റ്റ് അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതിൽ 49-ാമതായി കോതമംഗലം മുൻസിഫ് കോടതി ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(3) അർദ്ധസൈനികരുടെ ആവശ്യങ്ങൾ

ശ്രീ. എൻ. ഷംസുദ്ദീൻ: അർദ്ധസൈനിക വിമുക്ത ഭടന്മാരുടെയും ആശ്രിതരുടെയും പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): അർദ്ധസൈനിക വിഭാഗങ്ങളിൽ ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടെ മരണം സംഭവിക്കുന്ന കേരളീയരുടെ ആശ്രിതർക്ക് സംസ്ഥാന സർക്കാർ സർവ്വീസിൽ എൻട്രി കേഡറിൽ ജോലി നൽകുന്നതിനും ഇവരുടെ കുട്ടികൾക്ക് വിദ്യാഭ്യാസം പൂർത്തിയാക്കുന്നതിന് ധനസഹായം നൽകുന്നതിനും തീരുമാനമെടുത്തിട്ടുണ്ട്. വിമുക്ത ഭടന്മാർക്ക് സർക്കാർ നൽകിവരുന്ന ഇതര ആനുകൂല്യങ്ങൾ അർദ്ധസൈനിക വിമുക്ത ഭടന്മാർക്കും നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്. സൈനികരുടെയും വിമുക്ത ഭടന്മാരുടെയും അർദ്ധസൈനിക വിമുക്ത ഭടന്മാരുടെയും ക്ഷേമപ്രവർത്തനങ്ങൾക്ക് മാത്രമായി സൈനിക ക്ഷേമം എന്ന പ്രത്യേക വകുപ്പ് രൂപീകരിക്കുന്ന നടപടി അന്തിമഘട്ടത്തിലാണ്.

(4) ചാരുംമൂട് ഫയർ സ്റ്റേഷൻ

ശ്രീ. ആർ. രാജേഷ്: മാവേലിക്കര നിയോജകമണ്ഡലത്തിൽ ചാരുംമൂട് കേന്ദ്രീകരിച്ച് ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്നത് സംബന്ധിച്ച സർക്കാരിന്റെ മുൻഗണനാ പട്ടികയിലോ കേന്ദ്ര സർക്കാർ ഏജൻസിയായ റിസ്ക് മാനേജ്മെന്റ് സൊല്യൂഷൻ ഓഫ് ഇന്ത്യയുടെ പഠന

റിപ്പോർട്ടിലോ ചാരുംമൂട് ഉൾപ്പെട്ടിട്ടില്ല. എന്നാൽ ചാരുംമൂടിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനായി കല്ലട ഇറിഗേഷൻ പദ്ധതിയുടെ കൈവശമുള്ള ഒഴിഞ്ഞുകിടക്കുന്ന കെട്ടിടങ്ങളിലൊന്ന് അനുവദിച്ചുനൽകുന്നതിന് സർക്കാരിനോട് അഭ്യർത്ഥിക്കാൻ താമരക്കുളം ഗ്രാമപഞ്ചായത്ത് തീരുമാനമെടുത്തിട്ടുണ്ട്. ഇതുസംബന്ധിച്ച് സർക്കാരിന്റെ മുമ്പിൽ ശിപാർശകളൊന്നും നിലവിലില്ല.

(5) ഹാംലെറ്റ് പദ്ധതി

ശ്രീ. പി. കെ. ബഷീർ: മലപ്പുറം ജില്ലയിൽ ചാലിയാർ ഗ്രാമപഞ്ചായത്തിലെ പെരുവമ്പാടം പട്ടികവർഗ്ഗ കോളനിയിൽ ഹാംലെറ്റ് പദ്ധതി പ്രകാരമുള്ള ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് ഫണ്ട് അനുവദിക്കണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): മലപ്പുറം ജില്ലയിൽ ചാലിയാർ ഗ്രാമപഞ്ചായത്തിലെ പെരുവമ്പാടം പണിയ കോളനിയിൽ ഹാംലെറ്റ് വികസന പദ്ധതിയിൽ ഭവനനിർമ്മാണം ഉൾപ്പെടുത്താത്തതിനാൽ പ്രസ്തുത പദ്ധതി കോളനിയിൽ നടപ്പിലാക്കാൻ അനുവദിക്കുകയില്ലെന്ന് ഊരുകൂട്ടം അറിയിച്ചതിനെ തുടർന്ന് ജില്ലാ കളക്ടറും പട്ടികവർഗ്ഗ വികസന ഡയറക്ടറുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ കോളനിയിൽ വീട് നിർമ്മിക്കുന്നതിന് വീടൊന്നിന് 4,37,038 രൂപ നിരക്കിലുള്ള

എസ്റ്റിമേറ്റ് അംഗീകരിച്ച് ജില്ലാ നിർമ്മിതി കേന്ദ്രത്തെ ഏൽപ്പിക്കുന്നതിന് തീരുമാനിച്ചു. എന്നാൽ നിലവിലെ വ്യവസ്ഥ പ്രകാരം ഭവനനിർമ്മാണ ഗ്രാന്റ് മൂന്നര ലക്ഷം രൂപയായിരിക്കെ ഉയർന്ന നിരക്കിൽ ഭവനനിർമ്മാണം നടത്തുന്നതിന് സർക്കാരിന്റെ പ്രത്യേക അനുമതി ആവശ്യമാണ്. നിർമ്മാണ പ്രവർത്തനങ്ങൾ തുടരാത്തതിൽ പ്രതിഷേധിച്ച് നിലമ്പൂർ ഐ.റ്റി.ഡി.പി. ഓഫീസിനു മുമ്പിൽ ആരംഭിച്ച അനിശ്ചിതകാല സത്യാഗ്രഹം പണികൾ പുനരാരംഭിക്കാമെന്ന ഉറപ്പിന്മേൽ അവസാനിപ്പിച്ചുവെങ്കിലും അതിന് സാധിക്കാത്തതിനാൽ 16.04.2016-ന് കോളനി നിവാസികൾ പ്രോജക്ട് ഓഫീസ് ഉപരോധിക്കുകയും 25.05.2016-ന് മുമ്പായി പ്രശ്നപരിഹാരം ഉണ്ടാക്കണമെന്ന് എഴുതി വാങ്ങുകയും ചെയ്തിരുന്നു. ഇതൊരു പ്രത്യേക കേസായി കണക്കാക്കി വീട് നിർമ്മാണം പൂർത്തിയാക്കാനാവശ്യമായ ഫണ്ട് ഈ വർഷം തന്നെ വകുപ്പിന്റെ കോർപ്പസ് ഫണ്ടിൽ നിന്ന് അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(6) അയ്യങ്കാളി സ്മൃതി മണ്ഡപം

ശ്രീ. ബി. സത്യൻ: തിരുവനന്തപുരം ജില്ലയിലെ വെങ്ങാനൂരിലെ അയ്യങ്കാളി സ്മൃതി മണ്ഡപം നവീകരിക്കുന്നതിനും പൊതുജനങ്ങൾക്ക് തുറന്നു കൊടുക്കുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും

സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): വെങ്ങാനൂരിൽ സാധുജന പരിപാലന യോഗത്തിന്റെ പ്രവർത്തനങ്ങൾക്കായി നൽകിയിരുന്ന 76 സെന്റ് സ്ഥലത്താണ് അയ്യങ്കാളി സ്മൃതിമണ്ഡപം സ്ഥിതിചെയ്യുന്നത്. ഉടമസ്ഥാവകാശം സംബന്ധിച്ച് സാധുജനപരിപാലന സംഘവും കെ.പി.എം.എസ്.-ഉം തമ്മിലുണ്ടായ തർക്കത്തെത്തുടർന്ന് താക്കോൽ നെയ്യാറ്റിൻകര തഹസീൽദാർ സൂക്ഷിച്ചിരിക്കുകയാണ്. മഹാനായ അയ്യങ്കാളിയുടെ ജന്മദിനത്തിനും ചരമദിനത്തിനും മാത്രമാണ് മണ്ഡപം പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കുന്നത്. ഉടമസ്ഥാവകാശം സംബന്ധിച്ച കേസിൽ സാധുജനപരിപാലന സംഘത്തിന് അനുകൂലമായി വിധിയുണ്ടായി. പ്രസ്തുത വിധിക്കെതിരെ അപ്പീലുണ്ടെങ്കിൽ അതിന്റെ തീർപ്പനുസരിച്ചുമാത്രമേ അന്തിമ തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ. കോടതിവിധി വന്നശേഷം തർക്കം രമ്യമായി പരിഹരിക്കാൻ സാധുജന പരിപാലന സംഘത്തിന്റെയും കെ.പി.എം.എസ്.-ന്റെയും ഭാരവാഹികളുമായി സബ്കളക്ടർ ചർച്ച നടത്തിയിട്ടുണ്ട്.

(7) പട്ടയ ഭൂമി

ശ്രീ. എസ്. രാജേന്ദ്രൻ: ഇടുക്കി ജില്ലയിലുള്ള 3630 തോട്ടം തൊഴിലാളികൾക്ക് വിനിയോഗം ചെയ്യുന്നതിനായി നടപടിക്രമങ്ങൾ പൂർത്തിയായ ഭൂമി ഉടനടി കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): പ്രസ്തുത വിഷയം ഇടുക്കി ജില്ലയിൽ നടന്ന പട്ടയമേളയുടെ വേദിയിൽ പ്രഖ്യാപിച്ചിരുന്നതാണ്. ദേവികുളം താലൂക്കിലെ കെ.ഡി.എച്ച്. വില്ലേജിൽപ്പെട്ട കുറ്റ്യാർവാലി ഭാഗത്തെ ഭൂമി വിതരണം ചെയ്യുന്നതിന് അപേക്ഷകൾ ക്ഷണിച്ചിരുന്നതിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾക്ക് ആദ്യഘട്ടത്തിൽ 10 സെന്റ് വീതവും രണ്ടാം ഘട്ടത്തിൽ 5 സെന്റ് വീതവും അനുവദിച്ചിട്ടുള്ളതാണ്. ഒന്നും രണ്ടും ഘട്ടങ്ങളിലായി യഥാക്രമം 695 പേർക്കും 1155 പേർക്കും പട്ടയം നൽകിയിരുന്നു. പട്ടയവിതരണത്തിൽ അനർഹർ കടന്നുകൂടിയതായി പരാതി ലഭിച്ചതിനാൽ ഭൂമി പതിച്ചുകിട്ടിയവരുടെ വിശദവിവരങ്ങൾ പരിശോധിക്കുന്നതിനായി ദേവികുളം സബ് കളക്ടർക്ക് നിർദ്ദേശം നൽകുകയും അന്വേഷണം പുരോഗമിച്ചുവരികയുമാണ്. ആയതിനാൽ ഭൂമി നൽകൽ നടപടി താല്ക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. പരിശോധന സമയബന്ധിതമായി പൂർത്തിയാക്കുന്ന മുറയ്ക്ക് ഭൂമി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(8) മാമ്പഴം നാണ്യവിളയിൽ ഉൾപ്പെടുത്തൽ

ശ്രീ. കെ. ബാബു: നെന്മാറ മണ്ഡലത്തിലെ മുതലമടയുൾപ്പെടെയുള്ള പഞ്ചായത്തുകളിലെ മാവ് കർഷകരെ സംരക്ഷിക്കാനും

വ്യാവസായികാടിസ്ഥാനത്തിൽ മാവ് കർഷകർക്കായി പ്രൊമോഷൻ കൗൺസിലോ അഗ്രിക്കൾച്ചറൽ സോണോ രൂപീകരിക്കാനും മാവ് കൃഷിയെ കാർഷിക വിളയായോ നാണ്യവിളയായോ പ്രഖ്യാപിക്കാനും നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): പഴവർഗ്ഗങ്ങളും പച്ചക്കറികളും നാണ്യവിളകളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഒരു പ്രത്യേക വിളയെ നാണ്യവിളയായി പ്രഖ്യാപിക്കാനുള്ള അവകാശം കേന്ദ്ര സർക്കാരിനാണുള്ളത്. പാലക്കാട് ജില്ലയിലെ കൊല്ലങ്കോട്, ചിറ്റൂർ, നെന്മാറ ബ്ലോക്കുകൾ കേന്ദ്രീകരിച്ചാണ് വ്യാപകമായി തോട്ടം അടിസ്ഥാനത്തിൽ മാവ് കൃഷി ചെയ്തുവരുന്നത്. സംസ്ഥാനത്ത് ഹോർട്ടികൾച്ചർ മിഷൻ മുഖാന്തിരം നടപ്പിലാക്കുന്ന മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതിയിൽ മാവ് കൃഷിയെ ഒരു ഹോർട്ടികൾച്ചർ കൃഷിയായി ഉൾപ്പെടുത്തി പുതിയ കൃഷിത്തോട്ടങ്ങളുണ്ടാക്കാൻ ധനസഹായം നൽകുന്നതാണ്. മാവ് കർഷകർക്ക് കയറ്റുമതി സൗകര്യം, ശീതീകരണ സംവിധാനങ്ങളുള്ള വാഹനങ്ങൾ, ഗോഡൗൺ എന്നിവയാണ് അടിയന്തരമായി ആവശ്യമായിട്ടുള്ളത്. സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള വാഴക്കുളം അഗ്രോ ഫുഡ് പ്രോസസിംഗ് കമ്പനിയിലും കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് കീഴിലുള്ള പുനലൂരിലെ സംസ്കരണ ശാലയിലും മാമ്പഴം സംസ്കരിക്കുന്ന യൂണിറ്റുകൾ പ്രവർത്തനസജ്ജമായിട്ടുണ്ട്. മാവ് കർഷകർ

ഓഹരി ഉടമകളായിട്ടുള്ള ഫാർമർ പ്രൊഡ്യൂസർ കമ്പനികൾ രൂപീകരിച്ചിട്ടുണ്ടെങ്കിലും മുതലമട കേന്ദ്രീകരിച്ച് മാങ്ങയും അനുബന്ധ മൂല്യവർദ്ധിത ഉല്പന്നങ്ങളുമുണ്ടാക്കുന്നതിനായി മാങ്ങ കയറ്റുമതി ചെയ്യുന്നതുൾപ്പെടെയുള്ള സൗകര്യങ്ങളോടുകൂടിയ അഗ്രോ പാർക്ക് ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

## (9) ഡയറി സയൻസ് കോളേജ്

ശ്രീമതി ഇ. എസ്. ബിജിമോൾ: ഇടുക്കി ജില്ലയിലെ കോലാഹലമേട്ടിൽ 2017-18 അദ്ധ്യയന വർഷത്തിൽത്തന്നെ ഒരു ഡയറി സയൻസ് കോളേജ് അനുവദിക്കുന്നതിനും പരീക്ഷാ കമ്മീഷണർ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും പ്രവേശനം നൽകുന്നതിനും നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): വെറ്ററിനറി ആന്റ് ആനിമൽ സയൻസ് സർവ്വകലാശാലയുടെ കീഴിൽ ഇടുക്കി ജില്ലയിലെ കോലാഹലമേട്ടിൽ ഡയറി സയൻസ് കോളേജ് സ്ഥാപിക്കുന്നതിനും തുടക്കത്തിൽ 20 സീറ്റിൽ പ്രവേശനം നൽകി അടുത്ത അക്കാദമിക വർഷം മുതൽ പ്രവർത്തനം ആരംഭിക്കാനുമാണ് തീരുമാനിച്ചിരുന്നത്. കാർഷിക ഗവേഷണ കൗൺസിലിന്റെ ശിപാർശയനുസരിച്ച് പുതിയ ഡയറി സയൻസ് കോളേജ് തുടങ്ങുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളും അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ

തസ്തികകൾക്കാവശ്യമായ സാമ്പത്തിക സഹായവും ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് സർവ്വകലാശാല സർക്കാരിന് ശിപാർശ നൽകിയിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ച് സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതാണ്.

(10) തീരപ്രദേശത്ത് സംരക്ഷണ ഭിത്തി

ഡോ. എം. കെ. മുനീർ: കോഴിക്കോട് സൗത്ത് നിയോജകമണ്ഡലത്തിലെ കോതി, നൈനാംവളപ്പ്, പള്ളിക്കണ്ടി, ചാപ്പയിൽ തീരപ്രദേശങ്ങളിലെ കടൽക്ഷോഭം തടയാൻ പുലിമുട്ടുകളുടെ നീളം കൂട്ടുന്നതിനുള്ള ഭരണാനുമതിയുടെ കാലാവധി അവസാനിക്കുന്നതിനുമുമ്പ് സി.ഡബ്ല്യു.പി.ആർ.എസ്.-ന് തുക നൽകാനും കല്ലായി പുഴയുടെ അഴിമുഖത്ത് പുലിമുട്ടുകൾ നിർമ്മിക്കാനാവശ്യമായ കരിങ്കല്ലുകൾ ലഭ്യമാക്കാനും നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): പ്രസ്തുത പ്രവൃത്തികൾക്ക് 2015-ൽ ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കാൻ സി.ഡബ്ല്യു.പി.ആർ.എസ്./ഐ.ഐ.റ്റി.-യുടെ പഠനപ്രകാരമുള്ള ഡിസൈൻ ആവശ്യമാണ്. കേരള തീരത്തിന്റെ വൾനറബിൾ ബീച്ചസ് ഐഡന്റിഫൈ ചെയ്യുന്നതിനായി ഷോർട്ട് ലൈൻ സ്റ്റഡി ആന്റ് മാത്തമാറ്റിക്കൽ മോഡലിൽ സി.ഡബ്ല്യു.പി.ആർ.എസ്.-ൽ 42 ലക്ഷം രൂപ അടച്ചതിന്റെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടെങ്കിലും ഈ പഠനത്തിൽ ഡിസൈൻ ഡീറ്റെയിൽസ്

ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ പ്രവൃത്തികളുടെ സൈറ്റ് സ്പെസിഫിക് ഡിസൈനാവശ്യമായ ഫീസ് അടച്ച് സി.ഡബ്ല്യു.പി.ആർ.എസ്.-ൽ നിന്നും ഉടൻതന്നെ ലഭ്യമാക്കുന്നതാണ്. ഈ പ്രദേശത്ത് സോഫ്റ്റ് സൊല്യൂഷൻ ടെക്നിക്സ് ഉപയോഗിച്ചുള്ള കടൽത്തീര സംരക്ഷണ സാധ്യത പരിശോധിച്ചുവരികയാണ്. സൈറ്റിന് അനുയോജ്യമായ ഡിസൈൻ ലഭ്യമാക്കി സാങ്കേതികാനുമതി നൽകി പ്രവൃത്തി നടപ്പിലാക്കുന്നതാണ്.

(11) ആർ.എസ്.ബി.വൈ. നഴ്സുമാരുടെ സേവന-വേതന വ്യവസ്ഥകൾ

ശ്രീമതി യു. പ്രതിഭ ഹരി: ആർ.എസ്.ബി.വൈ. സ്റ്റാഫ് നഴ്സുമാരുടെ വേതനം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): ആർ.എസ്.ബി.വൈ. പദ്ധതി നടത്തിപ്പിനായി സ്ഥിരം തസ്തികകൾ സൃഷ്ടിച്ചിട്ടില്ലാത്തതിനാൽ ഓരോ പ്രദേശത്തെയും അംഗസംഖ്യ കണക്കിലെടുത്ത് നഴ്സുമാരെയും മറ്റ് ആരോഗ്യ പ്രവർത്തകരെയും ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ഈ പദ്ധതിയുടെ നടത്തിപ്പിനായി സ്റ്റാഫ് നഴ്സുമാരെ കരാറടിസ്ഥാനത്തിൽ നിയമിക്കുന്നതിന് എൻ.ആർ.എച്ച്.എം.-ന്റെ മാർഗ്ഗരേഖ പ്രകാരം അനുമതിയുണ്ടെങ്കിലും അവർക്ക് ബന്ധപ്പെട്ട സ്ഥാപനത്തിൽ സ്ഥിരം നിയമനത്തിനോ ശമ്പള സ്കെയിലിനോ പ്രത്യേക സേവന-വേതന

വ്യവസ്ഥകൾക്കോ അർഹതയില്ല. കേന്ദ്ര സർക്കാർ വിഭാവന ചെയ്തിട്ടുള്ള ഈ പദ്ധതി നിർവ്വഹണത്തിനായി മാറ്റി വച്ചിട്ടുള്ള തുകയുടെ 40 ശതമാനം മാത്രമേ കരാർ നിയമനങ്ങൾക്ക് വിനിയോഗിക്കാൻ സാധ്യമാകൂ എന്നതിനാൽ ആർ. എസ്. ബി.വൈ. -യിൽ പ്രവർത്തിക്കുന്ന ജീവനക്കാർക്ക് സേവന- വേതന വ്യവസ്ഥകൾ ഏർപ്പെടുത്തുന്നതിനും സംസ്ഥാന സർക്കാരിന് പരിമിതികളുണ്ട്. നേരത്തെയുള്ള ഉത്തരവ് പ്രകാരം തെരഞ്ഞെടുത്തിട്ടുള്ള ആശുപത്രികളിൽ അധിക ജീവനക്കാരെ ആവശ്യമുള്ള പക്ഷം എച്ച്.എം.സി./ആർ.എസ്.ബി.വൈ./എൻ.ആർ.എച്ച്.എം. ഫണ്ടുകളുപയോഗിച്ച് ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കുന്നുണ്ട്. എച്ച്.എം.സി.-യുടെ സാമ്പത്തികശേഷി അനുസരിച്ച് വേതനം വർദ്ധിപ്പിക്കുന്നതിന് നിർദ്ദേശം നൽകുന്നതാണ്.

## ( 12) ഉള്ളൂർക്കടവ് പാലം

ശ്രീ. കെ. ദാസൻ: കൊയിലാണ്ടി-ബാലുശ്ശേരി നിയോജകമണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന ഉള്ളൂർക്കടവ് പാലത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): കൊയിലാണ്ടി-ബാലുശ്ശേരി മണ്ഡലങ്ങളെ ഒന്നിപ്പിക്കുന്ന അകലാപ്പുഴയ്ക്ക് കുറുകെയുള്ള ഉള്ളൂർക്കടവ് പാലത്തിന്റെ നിർമ്മാണത്തിനായി 2009-ൽ ഭരണാനുമതി

ലഭിച്ചെങ്കിലും സ്ഥലമെടുപ്പ് പ്രവൃത്തി ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. ഈ ഗവൺമെന്റ് വന്നതിനുശേഷം സ്ഥലമേറ്റെടുക്കുന്നതിനായി പുതുക്കിയ പ്രൊപ്പോസൽ റവന്യൂ വകുപ്പിന് നൽകിയിട്ടുണ്ട്. അക്കാര്യത്തിൽ അന്തിമ തീരുമാനമായിട്ടില്ല. 12.20 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ചിട്ടുണ്ട്. ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(13) റോഡ്, പാലം നിർമ്മാണം

ശ്രീ. വി. ടി. ബൽറാം: മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം-പട്ടാമ്പി റോഡ്, പട്ടാമ്പി പാലം, കരിയന്നൂർ റെയിൽവേ മേൽപ്പാലം, ചാത്തന്നൂർ സ്കൂളിലെ സിന്തറ്റിക് ട്രാക്ക് ഇവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി(ശ്രീ. ജി. സുധാകരൻ): കുറ്റിപ്പുറം-കുമ്പിടി-തൃത്താല-വി. കെ. കടവ് റോഡ്, പട്ടാമ്പി പാലം എന്നിവയടങ്ങുന്ന പദ്ധതി 2016-17-ലെ ബഡ്ജറ്റിലുൾപ്പെടുത്തിയിരുന്നു. ഭാരതപ്പുഴയ്ക്ക് കുറുകെ 305 മീറ്ററുള്ള പട്ടാമ്പി പാലവും സമാന്തരമായി 539 മീറ്ററിൽ മറ്റൊരു പാലവും തവനൂർ, തൃത്താല, പട്ടാമ്പി എന്നീ മൂന്ന് മണ്ഡലങ്ങളിൽക്കൂടി കടന്നുപോകുന്ന റോഡുമാണ് ഇതിലുൾപ്പെട്ടിരിക്കുന്നത്. റോഡിന്റെ 27.6 കി.മീ. ദൂരം, 7 മീറ്റർ വീതിയിൽ

ബി.എം.&ബി.സി.-യിൽ ഉൾപ്പെടുത്തി ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. ഈ പ്രവൃത്തിക്ക് 2016-17 വർഷം കിഫ്ബിയിൽ ഉൾപ്പെടുത്തി ഉത്തരവായിട്ടുണ്ട്. 30 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കി ഇൻവെസ്റ്റിഗേഷൻ നടപടി പൂർത്തീകരിച്ചിട്ടുണ്ട്. വിശദമായ ഡി.പി.ആർ. തയ്യാറാക്കി ഉടൻ സമർപ്പിക്കുന്നതാണ്. കരിയന്നൂർ റെയിൽവേ പാലം നിർമ്മാണത്തിനുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി ആർ.ബി.ഡി.കെ.-യെ നിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി ഉദ്ദേശിച്ചിരിക്കുന്ന സ്ഥലത്ത് മേൽപ്പാലം നിർമ്മിക്കുന്നതിലുള്ള പ്രയാസം കണക്കിലെടുത്ത് സുശീലപ്പടിയിൽ മേൽപ്പാലവും കരിയന്നൂരിൽ ഒരു ചെറിയ പാലവും നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഒരു മാസത്തിനകം ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിക്കുന്നതിന് നടപടി സ്വീകരിക്കും. സിന്തറ്റിക് ട്രാക്ക് ലോക്കൽ ബോഡിയാണ് നിർമ്മിക്കുന്നത്.

## (14) <u>മലയോര ഹൈവേ വികസനം</u>

<u>ശ്രീ. കെ. കുഞ്ഞിരാമൻ:</u> കാസർഗോഡ് ജില്ലയിലെ മലയോര ഹൈവേ റോഡുകളുടെ വികസനത്തിന് ആവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (<u>ശ്രീ. ജി. സുധാകരൻ</u>): മലയോര ഹൈവേയുടെ ഭാഗമായി നന്ദാരപ്പടവ് മുതൽ ചെറുപുഴ വരെ അലൈൻമെന്റ് അംഗീകരിച്ച 33 കിലോമീറ്ററിന്റെ വികസനത്തിന് ഡിസ്ട്രിക്ട് ഫ്ലാഗ്ഷിപ്പ്

പരിപാടിയിൽ ഭരണാനുമതി ലഭിച്ചിരുന്നു. മോർത്തല മുതൽ ഇദിയഡുക്ക വരെയുള്ള 31 കിലോ മീറ്റർ നാറ്റ്പാക് സർവ്വേ പൂർത്തിയാക്കിയിട്ടുണ്ട്. ഇതിൽ ചേവാട് മുതൽ ഇദിയഡുക്ക വരെയുള്ള 17.5 കി.മീ. ബഡ്ജറ്ററി വർക്കിൽ ഉൾപ്പെടുത്തി ബി.എം.&ബി.സി. ചെയ്തുകഴിഞ്ഞു. ഇതിനുപകരമായി മോർത്തല മുതൽ നന്ദാരപ്പടവ് വരെ 9 കിലോ മീറ്ററും ഇദിയടുക്ക മുതൽ ബദിയഡുക്ക വരെ 9 കിലോ മീറ്ററും ചേർത്ത് ആകെ 18 കി.മീ. ദൂരംകൂടി ഉൾപ്പെടുത്തി ഡി.പി.ആർ. പുതുക്കി തയ്യാറാക്കാൻ 25-01-2017-ൽ ഉത്തരവായിട്ടുണ്ട്. ഡി.പി.ആർ. തയ്യാറാക്കിയെങ്കിലും 01-04-2017 മുതൽ പുതുക്കിയ നിരക്ക് നിലവിൽ വന്ന സാഹചര്യത്തിൽ റിവൈസ്ഡ് എസ്റ്റിമേറ്റ് കൊടുക്കുന്നതാണ്. ജൂൺ 10-ന് മുമ്പായി പ്രസ്തുത പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. കാസർഗോഡ് മുതൽ കളിയിക്കാവിള വരെ മലയോര പാത നിർമ്മിക്കാനുള്ള ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്.

(15) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ

ശ്രീ. എൻ. വിജയൻ പിള്ള: ചവറയിലെ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): ഇൻഡ്യൻ

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷന്റെ അക്കാദമിക് ബ്ലോക്കിനുള്ള അവസാനഘട്ട നിർമ്മാണ പ്രവർത്തനവും ഹോസ്റ്റൽ ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തനവും പൂർത്തിയായിവരുന്നു. നിലവിലുള്ള വ്യവസ്ഥകൾ അംഗീകരിച്ച് കോഴ്സുകൾ നടത്താൻ വ്യവസായ പങ്കാളികൾ തയ്യാറാകാത്ത സാഹചര്യത്തിൽ ബോർഡ് ഓഫ് ഡയറക്ടേഴ്സിന്റെ തീരുമാനപ്രകാരം മുന്നോട്ടുള്ള പ്രവർത്തനങ്ങൾ നിശ്ചയിക്കുന്നതിനായി ഒരു സമിതി രൂപീകരിക്കുകയുണ്ടായി. പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള അനന്തര നടപടികൾ കൈക്കൊണ്ടുവരികയാണ്.

## (16) പഞ്ചായത്ത് റോഡുകൾ

ശ്രീ. അൻവർ സാദത്ത്: ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകൾക്ക് കീഴിലുള്ള റോഡുകൾ ടാർ ചെയ്യുന്നതിനുള്ള വീതി 6 മീറ്റർ എന്നത് നാല് മീറ്ററാക്കുന്നതിന് നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഗ്രാമീണ മേഖലയിൽ ഏറ്റെടുക്കാവുന്ന റോഡുകളുടെ വീതി ഇനിയും കുറയ്ക്കാൻ സാധിക്കാത്ത സാഹചര്യമാണുള്ളത്. മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും ഗ്രാമപഞ്ചായത്തുകൾക്കും ഏറ്റെടുക്കാവുന്ന റോഡുകളുടെ വീതി സംബന്ധിച്ച്

നിബന്ധനകളൊന്നും നിലവിലില്ല. ആറ് മീറ്റർ വീതിയിൽ താഴെയുള്ള ഇടറോഡുകൾ ഏറ്റെടുക്കുന്നതിന് ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകളെ അനുവദിക്കുകയാണെങ്കിൽ ബസ് റൂട്ട് അടക്കമുള്ള റോഡുകൾ അവർ ഏറ്റെടുക്കാൻ തയ്യാറാകാതെ വരുമെന്നതിനാൽ റോഡിന്റെ വീതിയിൽ മാറ്റം വരുത്താൻ നിലവിൽ ഉദ്ദേശമില്ല.

## (17) അനധികൃതമായി പ്രവർത്തിക്കുന്ന നേഴ്സറി സ്കൂളുകൾ

ശ്രീ. പി. ടി. തോമസ്: പാലാരിവട്ടത്തെ നേഴ്സറി സ്കൂളിൽ ഒന്നര വയസ്സുള്ള കുട്ടിയെ മർദ്ദിച്ച സംഭവത്തെക്കുറിച്ച് അന്വേഷിക്കുകയും കുറ്റക്കാർക്കെതിരെ മാതൃകാപരമായ നടപടികൾ സ്വീകരിക്കുകയും നിയമവിരുദ്ധമായി പ്രവർത്തിക്കുന്ന നേഴ്സറി സ്കൂളുകൾക്കെതിരെ കർശന നടപടി സ്വീകരിക്കുകയും ചെയ്യണം

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): എറണാകുളം പാലാരിവട്ടത്ത് 'കളിവീട്' എന്ന ഡേ കെയർ സ്ഥാപനത്തിൽ കൊച്ചുകുട്ടിയെ മർദ്ദിച്ചതുമായി ബന്ധപ്പെട്ട് കുട്ടിയുടെ മാതാവ് നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ സ്ഥാപന നടത്തിപ്പുകാരിയെ പ്രതിയാക്കി കേസ് രജിസ്റ്റർ ചെയ്യുകയും പ്രതിയെ അറസ്റ്റ് ചെയ്ത് കോടതി മുമ്പാകെ ഹാജരാക്കി റിമാന്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത വിഷയത്തിൽ കേരള സംസ്ഥാന ബാലാവകാശ കമ്മീഷൻ സ്വമേധയാ നടപടി സ്വീകരിക്കുകയും കൊച്ചി സിറ്റി പോലീസ്

കമ്മീഷണർ, ജില്ലാ കളക്ടർ, മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി, എറണാകുളം ജില്ലാ ശിശുക്ഷേമ ഓഫീസർ എന്നിവരോട് റിപ്പോർട്ട് സമർപ്പിക്കാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന ഡേ കെയർ സെന്ററുകൾക്ക് തദ്ദേശസ്വയംഭരണ വകുപ്പാണ് ലൈസൻസ് നൽകുന്നത്. സാമൂഹ്യനീതി വകുപ്പ് സെക്രട്ടറിക്ക് ആവശ്യമായ നിർദ്ദേശം നൽകുകയും ഒരു സമിതി രൂപീകരിച്ചുകൊണ്ട് അടിയന്തരമായി ഈ വിഷയത്തിൽ അന്വേഷണം നടത്തുകയും ചെയ്യും. ഇത്തരം സ്ഥാപനങ്ങളുടെ നിയന്ത്രണത്തിനാവശ്യമായ എല്ലാ സംവിധാനങ്ങളും സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കും.

(18) <u>കാലടി-മലയാറ്റൂർ-അതിരപ്പിള്ളി ടൂറിസം സർക്യൂട്ട്</u>

<u>ശ്രീ. റോജി. എം. ജോൺ</u>: കാലടി-മലയാറ്റൂർ-അതിരപ്പിള്ളി ടൂറിസം സർക്യൂട്ട് പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനായി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് എൻ.ഒ.സി.-യും കേന്ദ്ര സർക്കാരിൽനിന്ന് ആവശ്യമായ ഫണ്ടും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>): ചാലക്കുടി ലോക്സഭാ മണ്ഡലത്തിൽ ഉൾപ്പെടുന്ന പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളെ പരസ്പരം ബന്ധപ്പെടുത്തിയുള്ള ടൂറിസം സർക്യൂട്ട് കേന്ദ്ര ടൂറിസം സ്കീമായ സ്വദേശ് ദർശനിൽ ഉൾപ്പെടുത്തുന്നതിന് സർക്കാർ

തീരുമാനമെടുത്തതിന്റെയടിസ്ഥാനത്തിൽ അതിരപ്പിള്ളി-മലയാറ്റൂർ-കാലടി-കോടനാട് എന്ന നാച്വറൽ ടൂറിസം സർക്യൂട്ടിനായുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കേന്ദ്രാനുമതി ലഭ്യമാക്കുന്നതിന് സമർപ്പിക്കുകയുണ്ടായി. മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് പ്രൊപ്പോസൽ സമർപ്പിക്കുന്നതിലേയ്ക്കായി സംസ്ഥാന സർക്കാരിന് അയച്ചുതരികയും ആയത് പരിശോധിച്ചുവരികയുമാണ്. ഈ പദ്ധതിക്ക് കേന്ദ്ര ഫണ്ട് ലഭ്യമാക്കുന്നതിന് ഡി.പി.ആർ. സമർപ്പിക്കുന്നതിനോടൊപ്പം പദ്ധതി പ്രദേശങ്ങൾ ഉൾപ്പെടുന്ന സ്ഥലങ്ങളുടെ എൻ.ഒ.സി. ഹാജരാക്കുകയും കേന്ദ്ര സർക്കാരിന്റെ സ്വദേശ് ദർശൻ സ്കീമിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ പരിഗണിക്കുകയും ചെയ്യേണ്ടതുണ്ട്. റിപ്പോർട്ട് എത്രയും വേഗം കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഡിപ്പാർട്ടുമെന്റുകളെ ഏകോപിപ്പിച്ചുകൊണ്ട് ആവശ്യമായ നടപടി ടൂറിസം വകുപ്പ് സ്വീകരിക്കുന്നതാണ്.

## (19) ഖാദി മേഖലയിലെ പ്രതിസന്ധി

ശ്രീ. വി. ഡി. സതീശൻ: റിബേറ്റ് നയം രൂപീകരിച്ചുകൊണ്ടും റിബേറ്റ് കുടിശ്ശിക അടിയന്തരമായി നൽകിക്കൊണ്ടും ഖാദി മേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി.

മൊയ്തീൻ) : ഖാദി തുണിത്തരങ്ങളുടെ വിൽപ്പന പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ 1985 മുതൽ വർഷംതോറും പത്ത് ശതമാനം റിബേറ്റ് അനുവദിക്കുന്നുണ്ട്. 2009 മുതൽ ഖാദി തുണിത്തരങ്ങളുടെ ചില്ലറ വിൽപ്പനയ്ക്ക് ഖാദി കമ്മീഷൻ നൽകിവന്നിരുന്ന റിബേറ്റ് നിർത്തലാക്കുകയും ഉൽപ്പാദനത്തിനാനുപാതികമായി എം.ഡി.എ. (മാർക്കറ്റ് ഡെവലപ്മെന്റ് അസിസ്റ്റൻസ്) ഏർപ്പെടുത്തുകയും ചെയ്ത സാഹചര്യത്തിൽ ഉൽസവകാല-വിശേഷാവസരങ്ങളിൽ പത്ത് ശതമാനം പ്രത്യേക റിബേറ്റ് സംസ്ഥാന സർക്കാർ അനുവദിച്ചുവരുന്നുണ്ട്. സർക്കാർ അനുവദിക്കുന്ന റിബേറ്റും എം.ഡി.എ. ആനുകൂല്യപ്രകാരം ലഭിക്കുന്ന തുകയുടെ പത്ത് ശതമാനവും ഉപയോഗപ്പെടുത്തി മുപ്പത് ശതമാനം നിരക്കിലുള്ള റിബേറ്റ് ആനുകൂല്യമാണ് നിലവിൽ ഉപഭോക്താക്കൾക്ക് നൽകി വരുന്നത്. കേന്ദ്ര സർക്കാർ റിബേറ്റ് നിർത്തലാക്കിയതിനെത്തുടർന്ന് വിശേഷാവസരങ്ങളിൽ വിവിധ ഘട്ടങ്ങളിലായി എല്ലാത്തരം ഖാദി തുണിത്തരങ്ങൾക്കും പത്ത് ശതമാനം സ്പെഷ്യൽ റിബേറ്റിന് പദ്ധതിയേതര വിഭാഗത്തിൽ ഉൾപ്പെടുത്തി തുക അനുവദിച്ചിട്ടുണ്ട്. 2016-17-ൽ റിബേറ്റ് കുടിശ്ശിക ഉൾപ്പെടെ നാൽപ്പത്തിരണ്ട് കോടി രൂപയുണ്ടായിരുന്നതിൽ 7.85 കോടി രൂപ ഈ സർക്കാർ അനുവദിക്കുകയുണ്ടായി. നടപ്പുവർഷം ഒൻപത് കോടി രൂപ റിബേറ്റിനത്തിൽ വകയിരുത്തുകയും നിലവിലെ റിബേറ്റ് കുടിശ്ശിക

കൊടുത്തുതീർക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുകയും ചെയ്യും.

## (20) നീർക്കടവ് ഫിഷിംഗ് ഹാർബർ

ശ്രീ. കെ. എം. ഷാജി: അഴിക്കോട് നിയോജകമണ്ഡലത്തിലെ നീർക്കടവ് ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ വേഗത്തിൽ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): അഴിക്കോട് ഗ്രാമപഞ്ചായത്തിലെ നീർക്കടവിൽ മത്സ്യബന്ധന തുറമുഖം നിർമ്മിക്കുന്നത് സംബന്ധിച്ച് 2013-ൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് സാധ്യതാപഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചെങ്കിലും തീരുമാനം കൈക്കൊണ്ടിരുന്നില്ല. നിലവിലുള്ള ഹാർബറിൽ നിന്ന് ഏഴ് കിലോമീറ്റർ അകലത്തിൽ മറ്റൊരു ഫിഷിംഗ് ഹാർബർ വരുമ്പോഴുണ്ടാകുന്ന പാരിസ്ഥിതികാഘാതം സംബന്ധിച്ച് പഠന വിധേയമാക്കേണ്ടതുണ്ട്. ടി സ്ഥലത്ത് മത്സ്യബന്ധന തുറമുഖത്തിനാവശ്യമായ സൗകര്യങ്ങൾക്കായി നാൽപ്പത് കോടി രൂപ ചെലവ് വരികയും തുറമുഖ നിർമ്മാണത്തിന് വിശദമായ ഇൻവെസ്റ്റിഗേഷൻ, മാതൃകാ പഠനം എന്നിവ നടത്തേണ്ടതുമുണ്ട്. നിലവിലുള്ള മത്സ്യബന്ധന തുറമുഖങ്ങൾ പൂർത്തീകരിക്കുന്നതിനാണ് സർക്കാർ മുൻഗണന നൽകുന്നതെങ്കിലും ഇക്കാര്യത്തിൽ

ആവശ്യമായ പരിശോധന നടത്തുന്നതാണ്.

(21) ഫിഷ് ലാൻഡിംഗ് സെന്റർ

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: കയ്പമംഗലം ഗ്രാമപഞ്ചായത്തിൽ വഞ്ചിപ്പുര കമ്പനിക്കടവ് കേന്ദ്രീകരിച്ച് ഫിഷ് ലാൻഡിംഗ് സെന്റർ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): ഇതുസംബന്ധിച്ച പഠന റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് ഉചിത നടപടികൾ സ്വീകരിക്കുന്നതാണ്.

(22) സിവിൽ സർവ്വീസ് അക്കാദമി കെട്ടിട നിർമ്മാണം

ശ്രീ. എ. പ്രദീപ് കുമാർ: സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരളയിലെ ഉദ്യോഗസ്ഥതലത്തിലുള്ള അനാസ്ഥ അവസാനിച്ച് താൽക്കാലിക സ്കൂൾ കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന കോഴിക്കോട് സിവിൽ സർവ്വീസ് അക്കാദമിക്ക് തനത് കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) : കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമിയുടെ സബ് സെന്റർ ആരംഭിക്കുന്നതിന് സർക്കാർ ഭരണാനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് ചുങ്കം ഗവൺമെന്റ് യു.പി. സ്കൂൾ പരിസരത്ത് താൽക്കാലികമായി പ്രവർത്തനം ആരംഭിച്ചു. സ്ഥിരമായി

പ്രവർത്തിക്കുന്നതിനായി തുരുത്തിയാട് ക്ഷേത്രത്തിന് സമീപമുള്ള അടഞ്ഞുകിടക്കുന്ന പി.ഡബ്ല്യൂ.ഡി. ജില്ലാ ഗോഡൗൺ പരിസരത്ത് 54 സെന്റ് സ്ഥലം അനുവദിക്കുകയും കെട്ടിടനിർമ്മാണത്തിന് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പുമായി കരാറിൽ ഏർപ്പെടാൻ സി.സി.ഇ.കെ. (സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ, കേരള) ഡയറക്ടർ ആവശ്യപ്പെട്ടപ്രകാരം കരാർ നടപ്പിലാക്കുകയും അക്കാദമിയുടെ കോഴിക്കോട് സബ് സെന്ററിന് സ്വന്തം കെട്ടിടം നിർമ്മിക്കാനുള്ള തുടർനടപടികൾ സ്വീകരിച്ചുവരികയുമാണ്.

## VI റിപ്പോർട്ട് സമർപ്പണം

IV, XI, XIII എന്നീ നമ്പർ സബ്ജക്ട് കമ്മിറ്റികളുടെ 2016-2017 സാമ്പത്തിക വർഷത്തേയ്ക്കുള്ള ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

## VII ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

1994-ൽ സംസ്ഥാനത്ത് നടപ്പാക്കിയ തൊഴിൽദാന പദ്ധതിയിലെ അംഗങ്ങൾക്ക് അറുപത് വയസ്സ് പൂർത്തിയാകുന്ന മുറയ്ക്ക് പെൻഷനും ഗ്രാറ്റുവിറ്റിയും നൽകുവാനുള്ള സർക്കാർ തീരുമാനം സംബന്ധിച്ച് കൃഷി വകുപ്പുമന്ത്രി (ശ്രീ. വി.

എസ്. സുനിൽ കുമാർ) ചട്ടം 300 അനുസരിച്ച് പ്രസ്താവന നടത്തി.

## VIII ഗവൺമെന്റ് പ്രമേയം

### കുടിശ്ശിക തുക ലഭ്യമാക്കൽ

സംസ്ഥാനത്തെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൻ കീഴിലുള്ള തൊഴിലാളികൾക്ക് ലഭിക്കുവാനുള്ള കുടിശ്ശിക തുക അടിയന്തരമായി ലഭ്യമാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്ന പ്രമേയം തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി ഡോ. കെ. ടി. ജലീൽ അവതരിപ്പിക്കുകയും പിന്താങ്ങപ്പെടുകയും ചെയ്തു.

ശ്രീ. അനിൽ അക്കര: താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

പ്രമേയത്തിൽ രണ്ടാം ഖണ്ഡികയ്ക്കു ശേഷം താഴെപ്പറയുന്നവ കൂടി ചേർക്കേണ്ടതാണ്.

" കഴിഞ്ഞ കാലങ്ങളിൽ തൊഴിലുറപ്പ് പദ്ധതിയുടെ വേതനം കേന്ദ്ര സർക്കാരിൽ നിന്ന് ലഭിക്കുന്നതിൽ കാലതാമസമുണ്ടായ സമയത്ത് ത്രിതല പഞ്ചായത്തുകളുടെ പ്ലാൻ ഫണ്ടിൽ നിന്നെടുത്ത് തൊഴിലാളികൾക്ക് വിതരണം ചെയ്യുകയും പിന്നീട് കേന്ദ്ര സർക്കാരിൽ നിന്ന് സംഖ്യ ലഭിച്ചപ്പോൾ തിരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകി മാതൃകയാകുകയും ചെയ്ത സംസ്ഥാനമാണ് കേരളം"

കേന്ദ്രാവിഷ്കൃത പദ്ധതിയായ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി അട്ടിമറിക്കപ്പെടുന്ന സാഹചര്യത്തിൽ ത്രിതല പഞ്ചായത്തുകളുടെ പ്ലാൻ ഫണ്ടിൽ നിന്ന് തുക തൊഴിലാളികൾക്ക് വിതരണം ചെയ്യുകയും പിന്നീട് കേന്ദ്ര സർക്കാരിൽ നിന്ന് സംഖ്യ ലഭിച്ചപ്പോൾ തിരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുകയും ചെയ്ത മുൻകാല നടപടി തുടരണം.

<u>ശ്രീ. കെ. സി. ജോസഫ്</u>: താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

പ്രമേയത്തിന്റെ അവസാന വരിയിൽ "കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നു" എന്നതിനുപകരം " കേന്ദ്ര സർക്കാരിനോടും കേന്ദ്ര സർക്കാരിന്റെ അവഗണനമൂലം വേതനം കിട്ടാൻ ഉണ്ടാകുന്ന കാലതാമസംമൂലം തൊഴിലുറപ്പ് തൊഴിലാളികൾക്കുണ്ടാകുന്ന കാലതാമസം കണക്കിലെടുത്ത് ഓരോ പഞ്ചായത്തിലുമുള്ള കുടിശ്ശിക തുക അതാതു പഞ്ചായത്തുകളുടെ മെയിന്റനൻസ് ഫണ്ടിൽ നിന്നും അഡ്വാൻസായി തൊഴിലാളികൾക്ക് നൽകി അവരുടെ ദുരിതത്തിന് പരിഹാരമുണ്ടാക്കാൻ സംസ്ഥാന ഗവൺമെന്റിനോടും ഈ സഭ അഭ്യർത്ഥിക്കുന്നു"

പ്രമേയത്തോട് യോജിക്കുന്നു. തൊഴിലുറപ്പ് പദ്ധതി വേതന വിതരണം അനിശ്ചിതമായി നീട്ടിക്കൊണ്ടു പോകാൻ പാടില്ല. കേന്ദ്ര നിയമമനുസരിച്ച് കൃത്യമായി വേതനം കൊടുത്തില്ലെങ്കിൽ പിഴയുൾപ്പെടെ കൊടുക്കാൻ കേന്ദ്രം

ബാധ്യസ്ഥമാണ്. 2013-14 കാലയളവിൽ പഞ്ചായത്ത് മെയിന്റനൻസ് ഫണ്ടിൽ നിന്നും പണം മുൻകൂട്ടി അനുവദിക്കുകയും കേന്ദ്രത്തിൽ നിന്ന് തുക ലഭിച്ചപ്പോൾ പണം തിരിച്ചടയ്ക്കുകയും ചെയ്തിരുന്നതുപോലെ ഇക്കാര്യത്തിലും പരിഹാരം കണ്ടെത്തണം. പദ്ധതിയുടെ തുടക്കത്തിൽ വേജ് ഓറിയന്റഡായിരുന്നത് ഇപ്പോൾ മെറ്റീരിയൽ കമ്പോണന്റായിരിക്കുകയാണ്. ഈ പദ്ധതി മുമ്പോട്ട് പോകണമെങ്കിൽ കേന്ദ്ര മാറ്റത്തിനനുസരിച്ച് കേരളത്തിലും മാറ്റം വരുത്തണം. അടിയന്തരമായി വേതനം നൽകുന്നതിന് നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (<u>ഡോ. കെ. ടി. ജലീൽ</u>) : 1.1.2016 മുതൽ നാഷണൽ ഇലക്ട്രോണിക് ഫണ്ട് മാനേജ്മെന്റ് സിസ്റ്റം വഴി കേന്ദ്ര സർക്കാർ നേരിട്ടാണ് തൊഴിലാളികൾക്കുള്ള പണം നൽകുന്നത്. അതിനാൽ പണം മുൻകൂർ നൽകാനോ റീ-ഇംബേഴ്സ് ചെയ്ത് അവരിൽനിന്ന് എടുക്കാനോ സോഫ്റ്റ്‌വെയറിൽ മാറ്റംവരുത്താനോ സാധിക്കില്ല. യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് യഥാസമയം നൽകിയതിനാൽ തുച്ഛമായ അലോക്കേഷൻ കേന്ദ്രം അനുവദിച്ചിട്ടുണ്ട്. 30 ശതമാനം അസറ്റ് ക്രിയേഷനുവേണ്ടി മെറ്റീരിയൽ കമ്പോണന്റ് ഇനത്തിൽ ചെലവഴിക്കണമെന്ന നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുണ്ട്. സ്വതന്ത്ര സോഷ്യൽ ഓഡിറ്റ് സംവിധാനം നിലവിൽ വന്നിട്ടുണ്ട്.

എം.ജി.എൻ.ആർ.ഇ.ജി.എസ്.-ന് ഒരു ഫുൾ ടൈം ഡയറക്ടറെ നിയമിക്കാനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിലാളികൾക്ക് ലഭിക്കേണ്ട വേതന കുടിശ്ശിക അനുവദിക്കുന്നത് സംബന്ധിച്ച് കേന്ദ്ര മന്ത്രിയെ കണ്ട് കാര്യങ്ങൾ ബോധ്യപ്പെടുത്തുകയും വകുപ്പുതലത്തിൽ നിരവധി കത്തിടപാടുകൾ നടത്തുകയും മുഖ്യമന്ത്രി നേരിട്ട് പ്രധാനമന്ത്രിക്ക് കത്തയയ്ക്കുകയും ചെയ്തിട്ടുണ്ട്. ജലവിഭവ വകുപ്പ് സെക്രട്ടറി അദ്ധ്യക്ഷനായ 11 അംഗങ്ങളടങ്ങുന്ന സോഷ്യൽ ഓഡിറ്റ് സംവിധാനം നിലവിൽ വന്നിട്ടുണ്ട്. പ്രമേയം പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കി.

## IX വ്യക്തിപരമായ വിശദീകരണം

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ നടത്തിയ പരാമർശം സംബന്ധിച്ച്</u>

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>: 08-05-2017-ലെ വിദ്യാഭ്യാസ വകുപ്പിന്റെ ധനാഭ്യർത്ഥന ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ശ്രീ. കെ. ബി. ഗണേഷ് കുമാർ നടത്തിയ പരാമർശങ്ങൾ വസ്തുതാവിരുദ്ധമാണ്. പരേതനായ ടി. എം. ജേക്കബിന്റെ അദ്ധ്യക്ഷതയിൽ രൂപീകരിച്ച പ്രൊഫ. ഹൃദയകുമാരി കമ്മിറ്റിയുടെ റിപ്പോർട്ട് വായിച്ചുനോക്കാൻ പോലും തയ്യാറായില്ലെന്ന് അദ്ദേഹം പറയുകയുണ്ടായി.

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഹയർ എഡ്യുക്കേഷൻ കൗൺസിൽ റിപ്പോർട്ട് പഠിക്കാൻ എക്സിക്യൂട്ടീവ് കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും ശിപാർശകൾ പരിശോധിച്ച് സർക്കാരിന് സമർപ്പിക്കുകയും ചെയ്തു. 16-10-2012-ൽ ശിപാർശകൾ നടപ്പിലാക്കാൻ സർക്കാർ ഉത്തരവിറക്കുകയും ഹയർ എഡ്യുക്കേഷൻ കൗൺസിൽ മുഖാന്തിരം ഓരോ യൂണിവേഴ്സിറ്റിയിലുമുള്ള പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് അധികാരപ്പെടുത്തുകയും ചെയ്തിരുന്നു. മന്ത്രിമന്ദിരത്തിന്റെ പേര് മാറ്റിയതുമായി ബന്ധപ്പെട്ടും സ്കിൽ അക്വിസിഷൻ പ്രോഗ്രാമുമായി ബന്ധപ്പെട്ട നിയമനങ്ങളെ സംബന്ധിച്ചും പരാമർശിച്ചിരുന്നു. മന്ത്രിയായപ്പോൾ എനിക്ക് അനുവദിച്ച വീടിന് പേരില്ലാത്തതിനാൽ ഗ്രെയ്സ് എന്ന പേര് നൽകിയതിൽ എന്ത് വർഗ്ഗീയതയാണുള്ളതെന്നറിയില്ല. സ്കിൽ അക്വിസിഷൻ പ്രോഗ്രാമുമായി ബന്ധപ്പെട്ട് ചീഫ് സെക്രട്ടറി ചെയർമാനായ എംപവേർഡ് കമ്മിറ്റി യോഗ്യതയുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത 219 പേരിൽ നിന്നാണ് നിയമനം നടത്തിയത്. കഴിഞ്ഞ 5 വർഷം വിദ്യാഭ്യാസ വകുപ്പിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഒന്നും ഉന്നയിക്കാനില്ലാത്തതുകൊണ്ടാണ് ഇത്തരം വസ്തുതാവിരുദ്ധമായ ആരോപണങ്ങൾ ഉന്നയിച്ചത്.

## X ക്രമപ്രശ്നം

<u>2005-ലെ കേന്ദ്ര ദുരന്തനിവാരണ ആക്ടിന് കീഴിൽ ചട്ടങ്ങളും പദ്ധതികളും</u>

രൂപീകരിക്കുന്നത് സംബന്ധിച്ച്

ശ്രീ. എം. ഉമ്മർ: ഭരണഘടനയുടെ 256-ാം അനുച്ഛേദപ്രകാരം പാർലമെന്റ് പാസ്സാക്കിയ നിയമത്തിലെ വ്യവസ്ഥകൾക്കനുസരിച്ച് സംസ്ഥാന സർക്കാർ ചട്ടങ്ങളും പദ്ധതികളും രൂപീകരിക്കേണ്ടതുണ്ട്. 2005-ലെ കേന്ദ്ര ദുരന്തനിവാരണ ആക്റ്റുമായി ബന്ധപ്പെട്ട് പ്രതിരോധ സംവിധാനങ്ങൾ സജ്ജമാക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കേണ്ടതുണ്ട്. ഇതുസംബന്ധിച്ച് സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റി രൂപീകരിച്ചതല്ലാതെ വില്ലേജ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ദുരന്തനിവാരണ പദ്ധതികൾ തയ്യാറാക്കിയിട്ടില്ല. ദുരന്തനിവാരണ മേഖലകളിൽ സംസ്ഥാനം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കുന്നതിനോ നടപ്പിലാക്കുന്നതിനോ കേന്ദ്ര സഹായം നേടിയെടുക്കുന്നതിനോ സാധിച്ചിട്ടില്ല. സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് രൂപീകരിച്ചിട്ടില്ലാത്തതും ഗുരുതരമായ വീഴ്ചയാണ്. ഇതുസംബന്ധിച്ച് റൂളിംഗ് നൽകേണ്ടതാണ്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): 2005-ലെ കേന്ദ്ര ദുരന്തനിവാരണ നിയമമനുസരിച്ച് 2007-ൽ കേരള സംസ്ഥാനം ചട്ടം രൂപീകരിച്ചിട്ടുള്ളതാണ്. ഡിപ്പാർട്ടുമെന്റൽ പ്ലാൻ തയ്യാറാക്കുന്നതിനാവശ്യമായ ഗൈഡ്ലൈൻ 2014-ൽ പുറപ്പെടുവിച്ചിട്ടുള്ളതും അതത് വകുപ്പുകൾ അവ

തയ്യാറാക്കേണ്ടതുമാണ്. നഗര ദുരന്ത ലഘൂകരണ പദ്ധതി 2015-ൽ തയ്യാറാക്കുകയും പദ്ധതി നടപ്പിലാക്കാൻ തിരുവനന്തപുരം നഗരസഭ സ്വന്തം ഫണ്ടിൽ നിന്നും പണം വകയിരുത്തുകയും ചെയ്തിട്ടുണ്ട്. 14 ജില്ലാ ദുരന്തനിവാരണ അതോറിറ്റികൾക്കും തുക അനുവദിച്ചിട്ടുണ്ട്. ദുരന്ത സാദ്ധ്യത കൂടുതലുള്ള വില്ലേജുകളിലും തിരുവനന്തപുരം, കൊല്ലം, എറണാകുളം, കോഴിക്കോട് നഗരസഭകളിലെ വിവിധ വാർഡുകളിലും മൺറോതുരുത്ത്, പെരിങ്ങര പഞ്ചായത്തുകളിലും ദുരന്ത ലഘൂകരണ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. കേന്ദ്ര ദുരന്ത നിവാരണ നിയമമനുസരിച്ച് ഡിപ്പാർട്ടുമെന്റൽ പ്ലാൻ നടപ്പിലാക്കാനുള്ള തുക കണ്ടെത്തേണ്ടത് അതാത് വകുപ്പുകളാണ്. കേന്ദ്ര ദുരന്ത പ്രതിരോധനിധി, നാഷണൽ ഡിസാസ്റ്റർ മാനേജ്മെന്റ് ഫണ്ട് എന്നിവ കേന്ദ്ര സർക്കാർ രൂപീകരിച്ചിട്ടില്ല. ദുരന്ത പ്രതിരോധ നിധി രൂപീകരിച്ച ഇന്ത്യയിലെ ആദ്യ മൂന്ന് സംസ്ഥാനങ്ങളിലൊന്നാണ് കേരളം. സംസ്ഥാന അതോറിറ്റി വിവിധ പദ്ധതികൾ തയ്യാറാക്കി കേന്ദ്രത്തിൽ നിന്ന് ധനസഹായം കൈപ്പറ്റിയിട്ടുണ്ട്.

**റൂളിംഗ്**

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u> : പാർലമെന്റ് പാസ്സാക്കിയ ദി ഡിസാസ്റ്റർ മാനേജ്മെന്റ് ആക്ട്, 2005 പ്രകാരം സംസ്ഥാന സർക്കാർ പദ്ധതികളും ചട്ടങ്ങളും രൂപീകരിക്കാത്തതുമൂലം ഉളവായിട്ടുള്ള പ്രശ്നങ്ങളാണ് ക്രമപ്രശ്നമായി ഉന്നയിച്ചിട്ടുള്ളത്. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി നൽകിയ

വിശദീകരണത്തിൽ 2005-ലെ ഡിസാസ്റ്റർ മാനേജ്മെന്റ് ആക്ട് പ്രകാരം സംസ്ഥാന സർക്കാർ രൂപീകരിക്കേണ്ട ചട്ടം 2007-ൽത്തന്നെ രൂപീകരിക്കുകയും സഭയുടെ മേശപ്പുറത്തുവയ്ക്കുകയും ചെയ്തതായി പറഞ്ഞിട്ടുണ്ട്. എന്നാൽ പദ്ധതി നടത്തിപ്പ് സംബന്ധിച്ച് ഇനിയും കൂടുതൽ ചട്ടങ്ങൾ അനിവാര്യമായിട്ടുണ്ടെങ്കിൽ ആയത് സമയബന്ധിതമായി രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## XI നിയമനിർമ്മാണകാര്യം

<u>2017-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബില്ലിന്റെ അവതരണവും</u>

<u>അനന്തരഘട്ടങ്ങളും</u>

ധനകാര്യവും കയറും വകുപ്പുമന്ത്രി (<u>ഡോ. ടി. എം. തോമസ് ഐസക്</u>) : 2017-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ അവതരിപ്പിക്കുന്നു.

<u>മി. സ്പീക്കർ</u> : ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (<u>ഡോ. ടി. എം. തോമസ് ഐസക്</u>) : 2017-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>) : പ്രമേയത്തെ പിന്താങ്ങുന്നു.

<u>ശ്രീ. ആർ. രാജേഷ്</u> : ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. കഴിഞ്ഞ

ഒരു വർഷംകൊണ്ട് ഒട്ടേറെ ക്ഷേമപ്രവർത്തനങ്ങൾ നടത്താൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ കരാർ കാലാവധി 40 വർഷമായി വർദ്ധിപ്പിച്ചതിലൂടെ 29,217 കോടി രൂപയുടെ നഷ്ടം സംസ്ഥാന ഖജനാവിനുണ്ടായതായി സി.&എ.ജി. റിപ്പോർട്ട് ചെയ്തിരിക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് വിവിധ പദ്ധതികൾക്കായുള്ള ഭൂമിയേറ്റെടുക്കലുമായി ബന്ധപ്പെട്ട് നടന്ന അഴിമതിയെ സംബന്ധിച്ചും റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. മുടങ്ങിക്കിടന്ന ഗെയിൽ വാതക പൈപ്പ് ലൈനിന്റെ പണി പൂർത്തീകരിക്കാനും വിദ്യാഭ്യാസ, ആരോഗ്യ, പരമ്പരാഗത മേഖലകളിൽ ഒട്ടേറെ നേട്ടങ്ങൾ കൈവരിക്കാനും സർക്കാരിന് സാധിച്ചിട്ടുണ്ട്. സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പാക്കാനും വെളിയിട വിസർജ്ജന വിമുക്ത പരിപാടി പ്രഖ്യാപിക്കാനും പട്ടയ വിതരണം നടത്താനും പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാനും സാധിച്ചു. കാർഷിക മേഖലയിൽ പുത്തൻ ഉണർവ്വുണ്ടാക്കാനും ലൈഫ് പദ്ധതി ആവിഷ്കരിക്കാനും നഷ്ടത്തിലായിരുന്ന പതിമൂന്ന് പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കാനും 36,000-ത്തോളം ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. വഴി നിയമനം നൽകാനും സർക്കാരിന് സാധിച്ചിട്ടുണ്ട്. കിഫ്ബിയിലൂടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന 12,000 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകാൻ കഴിഞ്ഞു. കൊച്ചി മെട്രോയുടെ രണ്ടാംഘട്ട നിർമ്മാണം ആരംഭിക്കാൻ

പോകുകയാണ്. കേരളത്തിന്റെ വികസനത്തിന് അടിത്തറ പാകാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. വകുപ്പുകൾ തമ്മിലുള്ള ഏകോപനമില്ലായ്മ ഭരണത്തെ പ്രതികൂലമായി ബാധിച്ചിരിക്കുകയാണ്. ചരിത്രത്തിലാദ്യമായി എസ്.എസ്.എൽ.സി. പരീക്ഷ രണ്ടു പ്രാവശ്യം എഴുതേണ്ട ഗതികേട് വിദ്യാർത്ഥികൾക്കുണ്ടായത് ഈ സർക്കാരിന്റെ കാലത്താണ്. കിഫ്ബിയും മുൻ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ആരംഭിച്ച വികസന പദ്ധതികളുമല്ലാതെ ഈ സർക്കാരിന് മേനി നടിക്കാൻ മറ്റൊന്നുമില്ല. സംസ്ഥാനത്ത് പകർച്ചവ്യാധികൾ പടരുന്നത് നിയന്ത്രണവിധേയമാക്കാൻ കാര്യക്ഷമമായ നടപടികൾ സ്വീകരിക്കാൻ സർക്കാർ തയ്യാറാകണം. മദ്യനയം പ്രഖ്യാപിക്കുന്നതിലുണ്ടാകുന്ന കാലതാമസത്തിനുപിന്നിൽ മദ്യമുതലാളിമാരെ സഹായിക്കാനുള്ള ശ്രമമാണുള്ളത്.

<u>ശ്രീ. ഇ. കെ. വിജയൻ</u>: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. പ്രകടനപത്രികയിലെ വാഗ്ദാനങ്ങൾ യാഥാർത്ഥ്യമാക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. പുത്തൻ സാമ്പത്തിക നയങ്ങൾക്കെതിരെ ജനകീയ ബദൽ രൂപപ്പെടുത്താനുള്ള ശ്രമങ്ങളുടെ ഭാഗമായാണ് സർക്കാർ നവകേരള മിഷൻ പ്രഖ്യാപിച്ചത്. പ്രകൃതിയെ സംരക്ഷിച്ചുകൊണ്ടുള്ള വികസന പ്രവർത്തനങ്ങളാണ്

സർക്കാർ മുന്നോട്ടുവയ്ക്കുന്നത്. ഒരു വർഷം കൊണ്ട് ജനക്ഷേമകരമായ ഒട്ടേറെ പരിപാടികൾ നടപ്പിലാക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. സർക്കാർ ആശുപത്രികളെ രോഗീസൗഹൃദമാക്കുകയും ആധുനിക ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്തുകൊണ്ട് ആർദ്രം മിഷനുമായി സർക്കാർ മുന്നോട്ടുപോകുകയാണ്. ജീവിതശൈലീ രോഗങ്ങൾക്ക് സൗജന്യ ചികിത്സ നൽകുന്നതിനും സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും മെഡിക്കൽ ഇൻഷ്വറൻസ് ഏർപ്പെടുത്തുന്നതിനുമുള്ള പ്രഖ്യാപനങ്ങൾ പ്രശംസനീയമാണ്. 900 കോടി രൂപയുടെ വിദ്യാഭ്യാസ വായ്പാസഹായം പ്രഖ്യാപിക്കുകയും പട്ടികവർഗ്ഗക്കാരുടെ ഒരു ലക്ഷം രൂപ വരെയുള്ള കടം എഴുതിത്തള്ളുകയും അർഹരായ അറുപത് വയസ്സ് കഴിഞ്ഞവർക്കെല്ലാം പെൻഷൻ നൽകുന്ന പദ്ധതി നടപ്പിലാക്കുകയും ചെയ്തത് ഈ സർക്കാരിന്റെ സാമൂഹ്യപ്രതിബദ്ധത വെളിവാക്കുന്നു. പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനും പുതുതായി ക്ഷീരകർഷക ക്ഷേമപെൻഷൻ നൽകുന്നതിനും സ്വീകരിച്ച നടപടികൾ ശ്രദ്ധേയമാണ്. സ്കൂൾ കുട്ടികൾക്ക് സൗജന്യ യൂണിഫോം നൽകുന്ന പദ്ധതി നടപ്പാക്കിയത് കൈത്തറി മേഖലയ്ക്ക് പുത്തനുണർവ് നൽകി. സ്കൂൾ തുറക്കുന്നതിന് മുമ്പ് പാഠപുസ്തകങ്ങൾ സ്കൂളിലെത്തിക്കുന്നതിന് സർക്കാരിന് കഴിഞ്ഞു. എല്ലാ മണ്ഡലങ്ങൾക്കും തുല്യപ്രാധാന്യം നൽകിക്കൊണ്ട്

അടിസ്ഥാനസൗകര്യ വികസന പദ്ധതികൾ നടപ്പാക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. ഭവനരഹിതർക്ക് വീട് നൽകുന്നതും പൊതുവിദ്യാലയങ്ങളെ അന്തർദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്താനുമുള്ള നടപടികൾ സ്വാഗതാർഹമാണ്.

ശ്രീ. പി. സി. ജോർജ്: വിഴിഞ്ഞം പദ്ധതിയുമായി ബന്ധപ്പെട്ട് മുൻ യു.ഡി.എഫ്. സർക്കാർ ഉണ്ടാക്കിയ കരാറിലെ വ്യവസ്ഥകൾ സംസ്ഥാന താല്പര്യങ്ങൾക്കെതിരും അദാനിക്ക് കൊള്ള ലാഭമുണ്ടാക്കുന്നതിന് കൂട്ടു നിൽക്കുന്നതുമാണ്. ഈ പദ്ധതി നടപ്പാക്കുന്നതിലൂടെ സംസ്ഥാനത്തിനുണ്ടാകുന്ന കോടികളുടെ നഷ്ടം തടയാനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് സർക്കാർ ആലോചിക്കണം.

ശ്രീ. കെ. കൃഷ്ണൻകുട്ടി: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. കാവേരി നദിയിൽ നിന്നും കേരളത്തിന് ലഭിക്കേണ്ട 30 ടി.എം.സി ജലം നൽകാതിരിക്കാനും പമ്പ-അച്ചൻകോവിലാറിലെ വെള്ളം ഡൈവർട്ട് ചെയ്ത് ഇലക്ട്രിസിറ്റി കേരളത്തിന് നൽകാനും തമിഴ്നാട് ഏകപക്ഷീയമായ തീരുമാനമെടുത്ത് കേന്ദ്ര ഗവൺമെന്റിന് മെമ്മോറാണ്ടം സമർപ്പിച്ചിരിക്കുകയാണ്. ഇടുക്കി പാമ്പാറിൽ നിർമ്മാണത്തിലിരിക്കുന്ന ഡാമും ഭവാനി നദിയിലെ തടയണയും പൊളിച്ചു മാറ്റുന്നതിനുള്ള തീരുമാനമെടുത്തിരിക്കുകയാണ്. പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരം നൽകേണ്ട വെള്ളത്തിന്റെ അളവ് ഏകപക്ഷീയമായി കുറച്ചതും ചാലിയാർ

പുഴയുടെ മുകളിൽ പാണ്ടിയാർപ്പുന്നപ്പുഴയിൽ ഡാം പണിയാനുള്ള അനുമതി നൽകിയതിനുമെതിരെ സർക്കാർ അടിയന്തര നടപടി സ്വീകരിക്കുകയും ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ഒറ്റക്കെട്ടായി നിൽക്കുകയും ചെയ്യണം.

ശ്രീ. റോഷി അഗസ്റ്റിൻ: ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. ഫയലുകൾ നീങ്ങുന്നതിലെ കാലതാമസംമൂലം വന്നിട്ടുള്ള വീഴ്ചകളെക്കുറിച്ച് പരിശോധിക്കുകയും പൊതു വിദ്യാഭ്യാസരംഗം നവീകരിക്കുകയും ആരോഗ്യരംഗത്ത് കൂടുതൽ മാറ്റങ്ങൾ വരുത്താനുമുള്ള പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യണം. അഞ്ച് ഏക്കർ വരെ ഭൂമിയുള്ള കൃഷിക്കാർക്ക് ബി.പി.എൽ. ആനുകൂല്യം ലഭിക്കാനുള്ള വരുമാന പരിധിയിൽ മാറ്റം വരുത്തുന്നതിന് നിയമനിർമ്മാണം നടത്തുകയും ക്ഷീര കർഷകരെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി സംരക്ഷിക്കാൻ സ്പെഷ്യൽ പാക്കേജ് കൊണ്ടുവരികയും വേണം. സ്മാർട്ട് ക്ലാസ് റൂമിനുവേണ്ടി എം.എൽ.എ.-ഫണ്ടിൽ നിന്നും തുക നൽകാൻ കഴിയുന്ന രീതിയിൽ നിലവിലുള്ള ഗൈഡ് ലൈനിൽ മാറ്റം വരുത്തണം.

ശ്രീ. കെ. സുരേഷ് കുറുപ്പ് : ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. അഴിമതിരഹിതമായ ഒരു ഭരണമാണ് ഈ ഗവൺമെന്റ് കാഴ്ച വയ്ക്കുന്നത്. ദുർബല വിഭാഗങ്ങൾക്ക് കരുതലും വികസന പദ്ധതികൾക്കാവശ്യമായ ധനസഹായവും നൽകിക്കൊണ്ട് ഇച്ഛാശക്തിയോടെയാണ് ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. നവ

കേരള സൃഷ്ടിക്കായി നാല് മിഷനുകൾ ചിട്ടയായി നടപ്പാക്കിവരുന്നു. മെത്രാൻ കായലിന്റെ 25 ഏക്കർ ഭൂമിയിൽ കൃഷി ചെയ്ത് വിളവെടുക്കാൻ കഴിഞ്ഞത് ഗവൺമെന്റിന്റെ നേട്ടമാണ്. വർഗ്ഗീയതയ്ക്കെതിരെ വിട്ടുവീഴ്ചയില്ലാതെ നടപടിയെടുക്കുന്നത് സ്വാഗതാർഹമാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല) : ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. ക്യാബിനറ്റ് തീരുമാനങ്ങൾ പുറത്തുവിടാത്ത, വിവരാവകാശ നിയമത്തെ കാറ്റിൽപ്പറത്തിയ, മാധ്യമങ്ങളിൽ നിന്നകന്നുനിൽക്കുന്ന ഒരു സർക്കാരാണ് കേരളത്തിലുള്ളത്. മന്ത്രിമാർക്ക് സ്വതന്ത്രമായി പ്രവർത്തിക്കാൻ കഴിയുന്നില്ലെന്നുള്ളത് വസ്തുതയാണ്. അഹങ്കാരത്തിന്റേയും അസഹിഷ്ണുതയുടെയും പകയുടെയും മുഖമാണ് ഈ സർക്കാരിനുള്ളത്. ജനവിരുദ്ധ നയങ്ങളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്. ഉദ്യോഗസ്ഥർ തമ്മിലുള്ള പ്രശ്നം ഭരണത്തെ ബാധിക്കുന്നുണ്ട്. ഒരു വർഷത്തിനകം കൊലപാതകങ്ങളുടെയും സ്ത്രീ പീഡനങ്ങളുടെയും എണ്ണം വർദ്ധിച്ചിരിക്കുകയാണ്. ക്രമസമാധാന നില താറുമാറായിരിക്കുകയാണ്. സമരങ്ങളെ അടിച്ചമർത്തുന്ന സമീപനത്തിൽ മാറ്റം വരുത്തുകയും ജനവിരുദ്ധ പ്രവർത്തനങ്ങളും പ്രതിപക്ഷത്തോടുള്ള ശത്രുതാ മനോഭാവവും അവസാനിപ്പിക്കണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

സർക്കാരിന്റെ സമീപനം എന്താണെന്നുള്ളത് ധനവിനിയോഗ ബില്ലിന്റെ ഉള്ളടക്കം പരിശോധിച്ചാൽ മനസ്സിലാകും. ടോക്കൺ പ്രൊവിഷൻവച്ച് ബഡ്ജറ്റ് ഹെഡ്ഡ് സൃഷ്ടിച്ചുകഴിഞ്ഞിരിക്കുന്നതിനാൽ പദ്ധതി നിർവ്വഹണത്തിലേയ്ക്ക് നീങ്ങുന്നതിന് തടസ്സങ്ങളുണ്ടാകില്ല. ധനവിനിയോഗ ബില്ലിൽ ഏറ്റവും കൂടുതൽ തുക വകയിരുത്തിയിരിക്കുന്നത് സിവിൽ സപ്ലൈസ് വകുപ്പിനാണ്. പുതിയ റേഷൻ സംവിധാനം നടപ്പിലാക്കുന്നതിനുവേണ്ടിവരുന്ന അധികച്ചെലവ് പൂർണ്ണമായും വകയിരുത്തിയിട്ടുണ്ട്. ക്ഷേമ പെൻഷനുകളും ക്യാൻസർ രോഗം ബാധിച്ച കുട്ടികളെ സഹായിക്കുന്നതിനുള്ള തുകയും വകയിരുത്തിയിട്ടുണ്ട്. ക്ഷേമ പ്രവർത്തനങ്ങൾക്കായി വകയിരുത്തിയ തുകയിൽ കുറവ് വന്നിട്ടുണ്ടെങ്കിൽ നികത്തുന്നതാണ്. വിവിധ ക്ഷേമപെൻഷനുകൾക്കായി 5500 കോടി രൂപ ഗവൺമെന്റ് ചെലവഴിച്ചിട്ടുണ്ട്. കൈത്തറി-കയർ വ്യവസായങ്ങളുടെ നവീകരണത്തിനും തുക വകയിരുത്തിയിട്ടുണ്ട്. കേരളത്തിലെ ജനങ്ങൾക്ക് സമ്പൂർണ്ണ സാമൂഹിക സുരക്ഷിതത്വം നൽകുന്നതാണ്. കിഫ്ബിക്കുവേണ്ടി 100 കോടി രൂപ ധനവിനിയോഗ ബില്ലിൽ മാറ്റിവച്ചിട്ടുണ്ട്. ബഡ്ജറ്റ് ഫണ്ട് കൈകാര്യം ചെയ്യുന്ന വകുപ്പുകൾക്ക് കിഫ്ബിയിലൂടെയുള്ള പ്രവൃത്തികൾ ചെയ്യുന്നതിന് നിയമതടസ്സമുള്ളതിനാൽ മാസ്റ്റർ പ്ലാൻ തയ്യാറാക്കി പദ്ധതി നിർവ്വഹണത്തിനായി അംഗീകൃത ഏജൻസികളെ ഏൽപ്പിക്കേണ്ടതാണ്. ഏജൻസിയെ തീരുമാനിക്കാൻ

വകുപ്പുകൾക്ക് അധികാരമുണ്ടായിരിക്കും. കിഫ്ബി ഫണ്ട് ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികൾ കിഫ്ബി നിശ്ചയിച്ച ഏജൻസിയെയും മറ്റ് ഫണ്ടുപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികൾ മറ്റുള്ള ഏജൻസികളെയും ഏൽപ്പിക്കാവുന്നതാണ്. പ്രവൃത്തി പൂർത്തീകരിക്കുമ്പോൾ ഏജൻസികൾക്കാണ് കിഫ്ബി ഫണ്ട് നൽകുന്നത്. ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾ മാത്രമേ കിഫ്ബി വഴി ഏറ്റെടുത്ത് നടപ്പാക്കുകയുള്ളൂ. 2017-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

2017-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

2-ഉം 3-ഉം വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ഉം 3-ഉം വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): 2017-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>): പ്രമേയത്തെ പിന്താങ്ങുന്നു.

2017-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം 32-നെതിരെ 75 വോട്ടുകളോടെ സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(2) <u>സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2017-ലെ കേരള ധനകാര്യ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും</u>

ധനകാര്യവും കയറും വകുപ്പുമന്ത്രി (<u>ഡോ. ടി. എം. തോമസ് ഐസക്</u>) : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2017-ലെ കേരള ധനകാര്യ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>): പ്രമേയത്തെ പിന്താങ്ങുന്നു.

<u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u>: വിയോജിപ്പ് രേഖപ്പെടുത്തുന്നു. കിഫ്ബിയെക്കുറിച്ച് അംഗങ്ങൾക്കുള്ള സംശയങ്ങൾ ദൂരീകരിക്കാൻ കഴിഞ്ഞിട്ടില്ലെന്ന് മാത്രമല്ല ഡെബ്റ്റ് ക്യാപ്പിറ്റലിൽ അധിഷ്ഠിതമായ വലിയൊരു

അപകടത്തിലേയ്ക്കാണ് സർക്കാർ പോകുന്നത്. ജി.എസ്.ടി. ഗുണകരമാകുമെന്ന് പറയുന്നുണ്ടെങ്കിലും നികുതി വെട്ടിപ്പുകാർ പുതിയ മാർഗ്ഗങ്ങൾ കണ്ടുപിടിക്കാൻ സാധ്യതയുണ്ട്. ധനകാര്യ ബില്ലിന്റെ ചട്ടങ്ങൾ ഏപ്രിൽ ഏഴിന് പുറത്തുവന്ന സാഹചര്യത്തിൽ പുതിയ നികുതി ഇളവുകൾ ഏപ്രിൽ ഒന്ന് മുതൽ ബാധകമാകുമെന്ന കാര്യവും ധനകാര്യ ബില്ലിലൂടെ കൊണ്ടുവന്നിട്ടുള്ള ഇ-സ്റ്റാമ്പ് സംബന്ധിച്ച പദ്ധതിയുടെ ചട്ടങ്ങൾ സഭ ചർച്ച ചെയ്യുന്നതിന് മുമ്പുതന്നെ പുറപ്പെടുവിച്ചത് ശരിയാണോയെന്ന് വ്യക്തമാക്കണം.

ശ്രീ. വി. ഡി. സതീശൻ: വിയോജിപ്പ് രേഖപ്പെടുത്തുന്നു.

ഡോ. എൻ. ജയരാജ്: വിയോജിപ്പ് രേഖപ്പെടുത്തുന്നു.

ശ്രീമതി ഇ. എസ്. ബിജിമോൾ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2017-ലെ കേരള ധനകാര്യ ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഈ സർക്കാർ നവകേരള സൃഷ്ടിക്കുള്ള തുടക്കമെന്ന നിലയിൽ ഒരു വർഷംകൊണ്ടുതന്നെ വരുന്ന 60 വർഷക്കാലത്തേയ്ക്കുള്ള അടിത്തറ പാകുന്നതിനുള്ള ശ്രമങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്.

<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2017-ലെ കേരള ധനകാര്യ ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. വിവിധ മേഖലകളെ വികസിപ്പിക്കാനുള്ള ശ്രമങ്ങളാണ് സർക്കാർ നടത്തിവരുന്നത്. സംസ്ഥാനത്ത് ഒരു വർഷംകൊണ്ട് വിവിധ മേഖലകളിൽ മികച്ച രീതിയിലുള്ള പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (<u>ഡോ. ടി. എം. തോമസ് ഐസക്</u>): വിയോജനക്കുറിപ്പിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾ പ്രസക്തിയില്ലാത്തതാണ്. കേരള പ്രൊവിഷണൽ കളക്ഷൻ ഓഫ് റവന്യൂ ആക്ട് പ്രകാരമാണ് ധനകാര്യ ബിൽ അവതരിപ്പിക്കുന്നത്. ബിൽ അവതരിപ്പിച്ച അന്നു മുതൽ ചട്ടങ്ങൾക്ക് രൂപം നൽകുകയും അത് നിയമമായി പ്രാബല്യത്തിൽ വരികയും ചെയ്യും. ഇ-മുദ്ര രജിസ്ട്രേഷൻ സംവിധാനം റദ്ദാക്കുന്നത് സംബന്ധിച്ച് കേരള മുദ്രപ്പത്ര ആക്ടിലെ 12(എ) വകുപ്പിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. സർക്കാരിന്റെ വിജ്ഞാപനങ്ങളെല്ലാം നിയമസഭാ സബ്ജക്ട് കമ്മിറ്റിയുടെ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാകാറുണ്ട്.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടുകൂടി

പിൻവലിക്കുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2017-ലെ കേരള ധനകാര്യ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>രണ്ടാം വകുപ്പ്</u>

106, 113, 118, 126, 127, 131 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതികൾ മന്ത്രി സ്വീകരിച്ചു.

126. In section 12A proposed to be inserted in the Kerala Stamp Act, 1959 by clause 2(4), delete the word " computer" .

127. In section 12A proposed to be inserted in the Kerala Stamp Act, 1959 by clause 2(4), substitute the word " authorised" for the word " authorized" .

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതിചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതിചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മൂന്നാം വകുപ്പ്</u>

133, 134, 135, 138, 139, 140 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>നാലാം വകുപ്പ്</u>

144, 149, 150, 151, 152, 156, 158, 162 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

155. In section 10B(5) proposed to be substituted in the Kerala Tax on Luxuries Act, 1976 by clause 4, for the word " June" substitute the word " September" .

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>അഞ്ചാം വകുപ്പ്</u>

168, 169, 170, 175, 176, 177, 180, 183, 184 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

181. In Section 37C(5) proposed to be substituted in the Kerala Agricultural Income Tax Act, 1991 by clause 5, "30th June, 2017" shall be substituted with "30th September, 2017".

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടുകൂടി പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്തപ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ആറാം വകുപ്പ്</u>

താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ മന്ത്രി അവതരിപ്പിച്ചു.

233. In the twenty fourth proviso to subsection (1) of section 6 of the

Kerala Value Added Tax Act,2003 (30 of 2004) proposed to be inserted by item (a) of sub-clause(1), for the words and figures " upto 22nd February 2017" the words and figures " from 1st April 2005 to 22nd February 2017" shall be substituted.

214. In section 25E(2) proposed to be substituted in the Kerala Value Added Tax Act, 2003 by clause 6(4), the figures, words and symbol "30th June, 2017" shall be substituted with the words and figures "30th September 2017".

220. In section 25 E(5) proposed to be substituted in the Kerala Value Added Tax Act, 2003 by clause 6(4), after the word "equal" insert the word "monthly".

228. The second proviso to section 57(1) proposed to be inserted in the Kerala Value Added Tax Act, 2003 inserted by clause 6(8), clause 6 the words and figures "by virtue of the Kerala Finance Bill, 2017" shall be deleted.

229. The second proviso to section 60(1) proposed to be inserted in the Kerala Value Added Tax Act, 2003, by clause 6(9), the

words “by virtue of the Kerala Finance Bill, 2017” shall be deleted.

190, 196, 197, 200, 202, 203, 206, 209, 211, 216, 217, 219, 225, 226, 227, 230 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടുകൂടി പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്തപ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

103-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

104. Clause 1(2) shall be recast as follows:

“(2) It shall deemed to have been come into force on the 1st day of April, 2017”.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

103-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): 2017-ലെ കേരള ധനകാര്യ ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി ): പ്രമേയത്തെ പിന്താങ്ങുന്നു.

2017-ലെ കേരള ധനകാര്യ ബിൽ പാസ്സാക്കണമെന്ന പ്രമേയം 18-നെതിരെ 69 വോട്ടുകളോടെ സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

## XI അവകാശലംഘന പ്രശ്നങ്ങൾ

പ്രിവിലേജസ് എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ പരിഗണനയ്ക്ക് അയച്ച പ്രശ്നങ്ങൾ

13.03.2017-ൽ ചെയർ സഭയിൽ നൽകിയ റൂളിംഗിനെപ്പറ്റി ആക്ഷേപകരമായ പരാമർശങ്ങൾ ഉൾപ്പെട്ട പരിപാടി മാതൃഭൂമി ന്യൂസ് ചാനൽ സംപ്രേക്ഷണം

ചെയ്തതുമായി ബന്ധപ്പെട്ട് ശ്രീ. കെ. സുരേഷ് കുറുപ്പ്, എം.എൽ.എ. നൽകിയ നോട്ടീസും അടാട്ട് സർവ്വീസ് സഹകരണ ബാങ്കുമായി ബന്ധപ്പെട്ട് തങ്ങളെ അഴിമതിക്കാരായി ചിത്രീകരിച്ച് ശ്രീ. അനിൽ അക്കര എം.എൽ.എ. അപകീർത്തിപ്പെടുത്തുന്നുവെന്നാരോപിച്ച് ശ്രീമതി സി. എം. ഇന്ദിരാ പ്രിയദർശിനി, ശ്രീമതി പി. അജിത എന്നിവർ നൽകിയ പരാതികളും പ്രിവിലേജസ് എഥിക്സ് എന്നിവ സംബന്ധിച്ച സമിതിക്ക് റഫർ ചെയ്തിരിക്കുന്നു.

<u>ചെയറിന്റെ പരിഗണനയിലിരിക്കുന്നവ</u>

എറണാകുളം മഹാരാജാസ് കോളേജ് ഹോസ്റ്റൽ മുറിയിൽ നിന്നും മാരകായുധങ്ങൾ കണ്ടെടുത്തതു സംബന്ധിച്ച് 05-05-2017-ൽ ശ്രീ. പി. ടി. തോമസ്, എം.എൽ.എ അടിയന്തര പ്രമേയത്തിന് അവതരണാനുമതി ആവശ്യപ്പെട്ട് നൽകിയ നോട്ടീസിന്മേലുള്ള ചർച്ചാ വേളയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയത് വാസ്തവ വിരുദ്ധവും സഭയെ തെറ്റിദ്ധരിപ്പിക്കുന്നതുമായ പ്രസ്താവനയാണെന്നാരോപിച്ച് സർവ്വശ്രീ ഹൈബി ഈഡൻ, പി. ടി. തോമസ്, കെ. എം. ഷാജി എന്നീ അംഗങ്ങൾ നൽകിയ നോട്ടീസും അമ്പലമുകൾ ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ ഫാക്ടിന്റെ സ്ഥലം വാങ്ങുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ നിയമസഭാ മന്ദിരത്തിലെ ഓഫീസിൽ വച്ച് ചേർന്ന യോഗത്തിലേയ്ക്ക് സ്ഥലം എം.എൽ.എ. ആയ

തന്നെ ക്ഷണിക്കാത്തത് സംബന്ധിച്ച് ശ്രീ. വി. പി. സജീന്ദ്രൻ എം.എൽ.എ. നൽകിയ നോട്ടീസും ചെയറിന്റെ പരിഗണനയിലാണ്.

## XII പ്രമേയം

സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നത് സംബന്ധിച്ച്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സഭ മുൻപാകെ മറ്റ് അത്യാവശ്യ ബിസിനസ്സുകളൊന്നുമില്ലാത്തതിനാൽ അനിശ്ചിതകാലത്തേയ്ക്ക് പിരിയാവുന്നതാണ്.

14-ാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിൽ സഭ പരിഗണിച്ച വിഷയങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ സംക്ഷിപ്ത വിവരണം നടത്തുകയും നടപ്പുസമ്മേളനം വിജയകരമായി പൂർത്തീകരിക്കാൻ സഹകരിച്ച എല്ലാവർക്കും നന്ദി രേഖപ്പെടുത്തുകയും ചെയ്തു.

ഒന്നാം കേരള നിയമസഭയുടെ 60-ാം വാർഷികദിനം ഈ സമ്മേളന കാലയളവിൽ ആചരിക്കുകയും അന്നേ ദിവസത്തെ സഭാസമ്മേളനം സെക്രട്ടേറിയറ്റിലെ പഴയ നിയമസഭാ മന്ദിരത്തിൽ ചേരുകയും മുൻഗാമികളായിരുന്ന നിയമസഭാ സാമാജികരെയും അവരുടെ പ്രവർത്തനങ്ങളെയും അനുസ്മരിക്കുകയും പഴയകാല ഓർമ്മകൾ പുതുക്കുകയും ചെയ്തു. ആ സമ്മേളനത്തിൽ മലയാള ഭാഷാപഠനം ശക്തിപ്പെടുത്തുന്നതിന് ലക്ഷ്യംവച്ചുകൊണ്ടുള്ള നിയമനിർമ്മാണത്തിന് തുടക്കം കുറിച്ചു.

(സഭ ദേശീയ ഗാനാലാപനത്തോടെ ഉച്ചയ്ക്കുശേഷം 2.50-ന് അനിശ്ചിതകാലത്തേയ്ക്ക് പിരിഞ്ഞു.)

*********************